بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

2026 നവംബർ 5 /ഹി.ശം. 1405 നുബുവ്വത്ത് 5/ഹി.ഖ. 1448 ജമാദി ഉൽ അവ്വൽ 24

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 11 ലക്കം 45

ബദർ

വാരിക ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600/-

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ

സന്താനശിക്ഷണം

يَا أَيُّهَا الَّذِينَ آمَنُوا قُوا أَنْفُسَكُمْ وَأَهْلِيكُمْ نَارًا

(سورة التحريم، آيت 7)

വിശ്വസിച്ചവരെ, നിങ്ങൾ നിങ്ങളെയും നിങ്ങളുടെ കുടുംബാംഗങ്ങളെയും ഒരു അഗ്നിയിൽനിന്ന് കാത്തുരക്ഷിച്ചുകൊള്ളുക. (66:7)

وَأْمُرْ أَهْلَكَ بِالصَّلَاةِ وَاصْطَبِرْ عَلَيْهَا

(سورة طٰہٰ، آيت 133)

നിന്റെ കുടുംബത്തോട് നമസ്കരിക്കുവാൻ നീ കല്പിച്ചുകൊണ്ടിരിക്കുക. നീയും അതിൻമേൽ സ്ഥിരചിത്തനായി നിലകൊള്ളുക. (20:133)



ഹദീസ് :

മാതാപിതാക്കളുടെ കടമകൾ

عَنْ عَبْدِ اللّٰهِ بْنِ عُمَرَ رَضِيَ اللّٰهُ عَنْهُمَا قَالَ: قَالَ رَسُولُ اللّٰهِ ﷺ: أَلَا كُلُّكُمْ رَاعٍ وَكُلُّكُمْ مَسْئُولٌ عَنْ رَعِيَّتِهِ، وَالرَّجُلُ رَاعٍ عَلَى أَهْلِ بَيْتِهِ وَهُوَ مَسْئُولٌ عَنْهُمْ.

അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു: തിരുനബി ﷺ അരുളി: ''അറിയുക! നിങ്ങളിൽ ഓരോരുത്തരും ഉത്തരവാദിത്തമുള്ളവരാണ്. ഓരോരുത്തരും തങ്ങളുടെ ഉത്തരവാദിത്വത്തിലുള്ളവരെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്. പുരുഷൻ തന്റെ കുടുംബത്തിന്റെ ഉത്തരവാദിത്തമുള്ളവനാണ്. അവരെക്കുറിച്ച് അവനോട് ചോദ്യം ചെയ്യപ്പെടുന്നതുമാണ്.''

(സ്വഹീഹുൽ ബുഖാരി, കിതാബുന്നികാഹ്, ഹദീസ് 5200; സ്വഹീഹു മുസ്ലിം, കിതാബുൽ ഇമാറത്ത്, ഹദീസ് 1829)

عَنْ عَبْدِ اللّٰهِ بْنِ عَمْرٍو رَضِيَ اللّٰهُ عَنْهُمَا قَالَ: قَالَ رَسُولُ اللّٰهِ ﷺ: مُرُوا أَوْلَادَكُمْ بِالصَّلَاةِ وَهُمْ أَبْنَاءُ سَبْعِ سِنِينَ، وَاضْرِبُوهُمْ عَلَيْهَا وَهُمْ أَبْنَاءُ عَشْرٍ، وَفَرِّقُوا بَيْنَهُمْ فِي الْمَضَاجِعِ.

അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം ചെയ്യുന്നു: തിരുനബി ﷺ അരുളി: ''നിങ്ങളുടെ മക്കൾക്ക് ഏഴ് വയസ്സാകുമ്പോൾ നമസ്കരിക്കാൻ കൽപിക്കുക. പത്ത് വയസ്സാകുമ്പോൾ നമസ്കാരത്തിന്റെ കാര്യത്തിൽ കൂടുതൽ കർശനമായ നിർദേശം നൽകുക. അവരുടെ കിടപ്പിടങ്ങൾ വേർതിരിക്കുകയും ചെയ്യുക.'' (സുനനു അബൂദാവൂദ്, കിതാബുസ്സ്വലാത്ത്, ഹദീസ് 495)




ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:

സന്താനങ്ങളുടെ നന്മക്ക് വേണ്ടിയുള്ള പ്രാർഥന

''യഥാർത്ഥ മാർഗദർശനവും ശിക്ഷണവും നൽകുക എന്നത് അല്ലാഹുവിന്റെ മാത്രം പ്രവൃത്തിയാണ്. അമിതമായി കുട്ടികളുടെ പിന്നാലെ കൂടുന്നതും ഒരു കാര്യത്തിൽ നിർബന്ധം പിടിക്കുന്നതിൽ അതിരു കവിയുന്നതും, അതായത് ഓരോ കാര്യത്തിലും കുട്ടികളെ തടയുകയും ശാസിക്കുകയും ചെയ്യുന്നത്, മാർഗദർശനത്തിന്റെ ഉടമകൾ തങ്ങൾ തന്നെയാണെന്നും തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് അവരെ ഒരു വഴിയിലേക്ക് നയിക്കാൻ തങ്ങൾക്ക് കഴിയുമെന്നുമുള്ള ധാരണ പ്രകടിപ്പിക്കലാണ്. ഇത് ഒരുതരം ഗുപ്തമായ ശിർക്കാണ്. ഇതിൽനിന്ന് നമ്മുടെ ജമാഅത്ത് വിട്ടുനിൽക്കേണ്ടതാണ്.

.....നമ്മൾ നമ്മുടെ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും വിദ്യാഭ്യാസത്തിന്റെയും മര്യാദകളുടെയും നിയമങ്ങളും ചട്ടങ്ങളും പൊതുവായി പാലിപ്പിക്കുകയും മാത്രമാണ് ചെയ്യുന്നത്. അതിലുപരിയായി ഒന്നും ചെയ്യുന്നില്ല. തുടർന്ന് നമ്മുടെ പൂർണ്ണമായ ആശ്രയം അല്ലാഹു തആലായിൽ അർപ്പിക്കുന്നു. ഒരു വ്യക്തിയിൽ സൗഭാഗ്യത്തിന്റെ വിത്തുണ്ടെങ്കിൽ, യഥാസമയം അത് തളിർത്ത് വളർന്നുകൊള്ളും.''

(മൽഫൂസാത്ത്, വാള്യം 1, പേജ് 309, റബ്വ പതിപ്പ് 2003)



തഫ്സീർ: ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)

ഉന്നത തലമുറയെ വാർത്തെടുക്കൽ

മാതാപിതാക്കൾ തങ്ങളുടെ സന്താനങ്ങൾക്ക് ഉന്നതമായ ശിക്ഷണവും പരിശീലനവും നൽകുകയും അവരുടെ നന്മ കേവലം അവരിൽ മാത്രം പരിമിതപ്പെടാതെ തലമുറകളിലൂടെ അവരുടെ സന്താനങ്ങളിലേക്കും കൈമാറിക്കൊണ്ടിരിക്കണമെന്ന് പരിശ്രമിക്കുകയും ചെയ്താൽ, ഇസ്ലാമിനും തിരുനബി ﷺക്കും അഭിമാനമായിത്തീരുന്ന ഉന്നത നിലവാരമുള്ള തലമുറകളെ വാർത്തെടുക്കാൻ അവർക്ക് സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഖേദകരമെന്നു പറയട്ടെ, തങ്ങളുടെ സന്താനങ്ങൾക്ക് ശരിയായ ശിക്ഷണവും പരിശീലനവും നൽകുന്നതിൽ ശ്രദ്ധ ചെലുത്തുന്നവർ വളരെ കുറവാണ്. അവരിൽ വ്യക്തിപരമായി ഭക്തിയും ആത്മീയതയും ഉന്നതമായ സ്വഭാവഗുണങ്ങളും കാരുണ്യത്തിന്റെയും വാത്സല്യത്തിന്റെയും വികാരങ്ങളും സഹനശീലവും അറിവ് നേടാനുള്ള താൽപര്യവും നന്മകളിൽ മുന്നേറാനുള്ള കഴിവും ഉണ്ടായിരിക്കാം. എന്നാൽ ഈ ഗുണങ്ങൾ സ്വന്തം സന്താനങ്ങളിലും വളർത്തിയെടുക്കാൻ ശ്രമിക്കണമെന്ന ചിന്ത അവരിൽ ഒരിക്കലും ഉണരുന്നില്ല.

പാരമ്പര്യത്തിലൂടെയും മാതാപിതാക്കളുടെ ചില സ്വഭാവവിശേഷങ്ങൾ സന്താനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നുവെന്നത് തീർച്ചയാണ്. എന്നാൽ ഉന്നത നിലവാരമുള്ള ഒരു തലമുറയുടെ രൂപീകരണം പ്രധാനമായും ഉന്നതമായ ശിക്ഷണത്തെയും പരിശീലനത്തെയും ആശ്രയിച്ചിരിക്കുന്നു. ഈ വിഷയത്തിൽ ഒരിക്കലും അശ്രദ്ധ കാണിക്കാതിരിക്കേണ്ടത് ഒരു വിശ്വാസിയുടെ കടമയാണ്.

ചെറുതോ വലുതോ എന്ന വ്യത്യാസമില്ലാതെ ഓരോ വ്യക്തിയും സ്വന്തം സന്താനങ്ങളുടെ സദ്പരിശീലനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, തങ്ങളുടെ സന്താനങ്ങൾ തങ്ങളേക്കാൾ കൂടുതൽ ഇസ്ലാമിനുവേണ്ടി സമർപ്പിതരായിത്തീരണമെന്ന് പരിശ്രമിക്കുകയും ചെയ്താൽ മുസ്ലിംകളിൽ ഒരിക്കലും അധ:പതനം സംഭവിക്കുകയില്ല.

ഒരു സമൂഹത്തിന്റെ അധ:പതനത്തിന് പ്രധാന കാരണവും സന്താനങ്ങളുടെ ശിക്ഷണത്തിലും പരിശീലനത്തിലും വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതാണ്. അതിന്റെ ഫലമായി ജനസംഖ്യയിലെ വർധനവ് കേവലം പ്രയോജനരഹിതമായി മാറുകയും സമൂഹത്തിന്റെ പ്രതാപവും സ്വാധീനവും പൂർണമായും നഷ്ടപ്പെടുകയും ചെയ്യുന്നു.

അതിനാൽ, നാം പ്രത്യേകം ശ്രദ്ധിക്കേണ്ട യഥാർത്ഥ കാര്യം നമ്മുടെ ഭാവിതലമുറകൾ നന്മയുടെയും തഖ്വയുടെയും മേഖലകളിൽ നമ്മെക്കാൾ വേഗത്തിൽ മുന്നേറുന്നവരായിരിക്കണമെന്നതാണ്. കാരണം, തിരുനബി ﷺ ക്ക് അഭിമാനിക്കാൻ കഴിയുന്ന യഥാർത്ഥ കാര്യം ഇതാണ്. കേവലം ജനസംഖ്യയിലെ വർധനവ് മാത്രം ഒരാൾക്ക് സംതൃപ്തി നൽകാൻ പര്യാപ്തമായ കാര്യമല്ല.

(തഫ്സീർ കബീർ, വാള്യം 14, പേജ് 205-206)

അഭ്യർത്ഥനാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയൂരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്, ഖാദിയാൻ

അൻസാറുല്ലാഹ്‌യുടെ ഉത്തരവാദിത്വങ്ങൾ

(ഹുക്ക് ലെയ്ൻ, പുട്ടൻഹാം, ഗിൽഡ്ഫോർഡ്, 2026 സെപ്റ്റംബർ 20: ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹു), മജ്‌ലിസ് അൻസാറുല്ലാഹ് യു.കെ. യുടെ 2026ലെ ഇജ്തിമായെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തിയ പ്രഭാഷണത്തിന്റെ സംക്ഷേപം.)

അൻസാറുല്ലാഹ് എന്ന സംഘടനയിൽ അംഗങ്ങളായവരെ സംബന്ധിച്ച് പലപ്പോഴും ഓർമിപ്പിക്കാറുള്ള ഒരു കാര്യമുണ്ട്. പ്രായത്തിന്റെയും അനുഭവസമ്പത്തിന്റെയും അടിസ്ഥാനത്തിൽ ജീവിതത്തിന്റെ അവസാന ഘട്ടങ്ങളിലേക്ക് കടന്നവരോ അതിനോട് അടുത്തുനിൽക്കുന്നവരോ ആണ് അൻസാറുല്ലാഹ് എന്ന പേരിൽ അറിയപ്പെടുന്നത്. അതിനപ്പുറം വരാനുള്ളത് പരലോക ജീവിതമാണ്.

അതിനാൽ ഓരോ നാസിറും ജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. സ്വന്തം ജീവിതത്തിന്റെയും മക്കളുടെയും ഭാവിതലമുറകളുടെയും കാര്യത്തിൽ ഈ ലക്ഷ്യം നാം മനസ്സിലാക്കണം. നമ്മുടെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണെന്ന് തിരിച്ചറിയണം. അഹ്മദികളായതിനുശേഷം നാം ചെയ്ത പ്രതിജ്ഞ എത്രത്തോളം പാലിക്കുന്നുണ്ട് എന്നും അത് നമ്മുടെ വീടുകളിൽ നടപ്പിലാക്കുന്നതിനായി മറ്റുള്ളവരെ ഉപദേശിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നുണ്ടോ എന്നും സ്വയം വിലയിരുത്തണം.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ അൻസാർ

മജ്‌ലിസ് അൻസാറുല്ലാഹിൽ അംഗങ്ങളാകുന്നതിലൂടെ നാം സ്വയം പ്രഖ്യാപിക്കുന്നത് ഇപ്രകാരമാണ്: ''ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ്.''

പരിശുദ്ധ ഖുർആനിൽ ആദ്യമായി ഈ പ്രഖ്യാപനം നടത്തിയവർ മസീഹിന്റെ ദൗത്യം പ്രചരിപ്പിക്കാനും അദ്ദേഹത്തിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കാനും അദ്ദേഹത്തെ സഹായിക്കാനും പ്രതിജ്ഞ ചെയ്തവരായിരുന്നു എന്ന കാര്യം നാം ചിന്തിക്കണം.

ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ അൻസാറുകളുടെ മേൽ ഈ പ്രതിജ്ഞ നിറവേറ്റുന്നതിനുള്ള കൂടുതൽ വലിയ ഉത്തരവാദിത്വമാണ് വന്നുചേർന്നിരിക്കുന്നത്. നാം ബൈഅത്ത് ചെയ്തിരിക്കുന്ന നിബന്ധനകൾക്കനുസരിച്ച് നമ്മുടെ മുഴുവൻ ശക്തിയും കഴിവുകളും വിനിയോഗിച്ച് പ്രവർത്തിക്കണം.

അതോടൊപ്പം നമ്മുടെ വീടുകളെ ലോകത്തിന്റെ മാലിന്യങ്ങളിൽനിന്ന് സംരക്ഷിക്കുകയും ശുദ്ധീകരിക്കുകയും വേണം. സമൂഹത്തെ ശുദ്ധീകരിക്കുന്നതിനും സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തണം. തിരുനബി ﷺ യുടെ പതാക ഉയർത്തിപ്പിടിക്കുന്നതിനായി നമ്മുടെ മുഴുവൻ ശക്തിയും വിനിയോഗിക്കണം.

ബൈഅത്തിന്റെ പ്രതിജ്ഞ നിറവേറ്റുക

പ്രതിജ്ഞകളെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുമെന്ന് അല്ലാഹു തആലാ വ്യക്തമാക്കിയിട്ടുണ്ട്. ഈ കാര്യം നാം എപ്പോഴും ഓർമയിൽ സൂക്ഷിക്കണം.

നാം ചെയ്തിട്ടുള്ളതിൽ ഏറ്റവും വലിയ പ്രതിജ്ഞ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ ബൈഅത്തിൽ പ്രവേശിച്ചതിലൂടെ എടുത്തിട്ടുള്ളതാണ്. അതായത്, എല്ലാ തിന്മകളിൽനിന്നും വിട്ടുനിൽക്കാനും എല്ലാ സദ്ഗുണങ്ങളും സ്വീകരിക്കാനും ആത്മീയത വർധിപ്പിക്കാനും അല്ലാഹുവിന്റെ സാമീപ്യം നേടാനും നമ്മുടെ മുഴുവൻ കഴിവുകളും ശക്തിയും വിനിയോഗിക്കുമെന്ന പ്രതിജ്ഞ.

ഈ പരിശ്രമങ്ങളിലൂടെ അല്ലാഹുവിന്റെ അനുഗ്രഹം നമുക്ക് ലഭിക്കുമെന്ന ഉറച്ച വിശ്വാസത്തോടെയായിരിക്കണം നാം പ്രവർത്തിക്കേണ്ടത്.

നാം ചെയ്ത പ്രതിജ്ഞയെക്കുറിച്ച് സ്വയം വിലയിരുത്തണം. കേവലം ഒരു പ്രതിജ്ഞ ചെയ്യുന്നതിനുവേണ്ടി മാത്രമായിരുന്നില്ല അത്; മറിച്ച് അത് നിറവേറ്റണമെന്ന ഉറച്ച ഉദ്ദേശ്യത്തോടെയാണ് നാം പ്രതിജ്ഞ ചെയ്തതെന്ന് ഉറപ്പുവരുത്തണം. ഓരോ അഹ്മദിയും വിശേഷിച്ച് ഓരോ നാസിറും ഈ കാര്യം എപ്പോഴും മനസ്സിൽ സൂക്ഷിക്കേണ്ടതാണ്.

പ്രതിജ്ഞയെക്കുറിച്ച് നിരന്തരം ചിന്തിക്കുക

ഓരോ അഹ്മദിയും ഓരോ നാസിറും ഈ വിഷയങ്ങളിൽ നിരന്തരം ശ്രദ്ധ ചെലുത്തണം. ഹുസൂർ അൻവർ ഒരു പ്രഭാഷണം നടത്തിയതോടെ ആ വിഷയം അവസാനിച്ചു എന്ന നിലപാടായിരിക്കരുത് നമുക്കുണ്ടാകേണ്ടത്.

മറിച്ച്, ആ പ്രഭാഷണം ശ്രദ്ധാപൂർവം കേൾക്കുകയും അതിനെക്കുറിച്ച് തുടർന്നും ചിന്തിക്കുകയും എം.ടി.എ.യിൽ വീണ്ടും സംപ്രേഷണം ചെയ്യുമ്പോൾ അത് ആവർത്തിച്ച് കേൾക്കുകയും വേണം.

നാം ബൈഅത്തിന്റെ പ്രതിജ്ഞകൾക്കനുസരിച്ച് പ്രവർത്തിക്കണം. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ ബൈഅത്തിൽ പ്രവേശിച്ചതിനുശേഷം അദ്ദേഹം നമ്മിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് ചിന്തിക്കുകയും വേണം.

അന്ത്യകാലത്ത് ജീവിക്കുന്നവരിൽ ഉൾപ്പെടുന്നുവെന്ന ബോധ്യത്തോടെയായിരിക്കണം നാം ബൈഅത്തിൽ പ്രവേശിക്കേണ്ടത്. അതിനാൽ നമ്മുടെ പഴയ പ്രവണതകളും തെറ്റായ പ്രവർത്തനങ്ങളും ഭൗതികമായ ആഗ്രഹങ്ങളും ഉപേക്ഷിച്ച് നമ്മുടെ മുഴുവൻ ശ്രദ്ധയും അല്ലാഹുവിലേക്ക് തിരിക്കണം. അപ്പോൾ മാത്രമേ ബൈഅത്തിന്റെ പ്രതിജ്ഞ യഥാർഥത്തിൽ നിറവേറ്റാൻ കഴിയുകയുള്ളൂ.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എല്ലാ കാര്യങ്ങളിലും അല്ലാഹു തആലായുടെ അവകാശങ്ങൾക്ക് പ്രഥമ പരിഗണന നൽകണം.

വിശ്വാസത്തിലും ആത്മീയ വിജ്ഞാനത്തിലും പുരോഗതി നേടുക

ഈ ബോധ്യത്തോടെയാണോ നാം ജീവിതം നയിക്കാൻ ശ്രമിക്കുന്നത്? ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയിട്ടുണ്ട്: ഒരാൾ തന്റെ കൈകളിൽ ബൈഅത്ത് ചെയ്യുകയും അദ്ദേഹത്തെ ഹകം (ന്യായാധിപൻ), അദൽ (നീതിമാനായ വിധികർത്താവ്) എന്ന നിലയിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, അയാൾ വിശ്വാസത്തിലും ആത്മീയ വിജ്ഞാനത്തിലും പുരോഗതി നേടണം.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ നാം പരിശ്രമിക്കണം. അതിനായി അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പഠിക്കുകയും വേണം.

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും വചനങ്ങളെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ നാം ശ്രമിച്ചിട്ടുണ്ടോ എന്നും നമ്മുടെ പ്രതിജ്ഞകൾ നിറവേറ്റുന്നതിനായി പരിശ്രമിച്ചിട്ടുണ്ടോ എന്നും ചിന്തിക്കണം.

ഇതിന് നാം ശ്രമിച്ചിട്ടില്ലെങ്കിൽ, അല്ലെങ്കിൽ നമ്മുടെ പരിശ്രമങ്ങൾ ഈ നിലവാരത്തിലെത്തുന്നില്ലെങ്കിൽ, അത് ഗൗരവപൂർവം ചിന്തിക്കേണ്ട വിഷയമാണ്. അല്ലാത്തപക്ഷം ''ഞങ്ങൾ അൻസാറുല്ലാഹ് ആണ്'' എന്ന നമ്മുടെ അവകാശവാദം വെറും പൊള്ളയായ അവകാശവാദമായി മാത്രം അവശേഷിക്കും.

ഭൗതികമായ ആഗ്രഹങ്ങൾ ഉപേക്ഷിക്കുക

നമ്മുടെ വ്യാജമായ പ്രവണതകളുടെ വസ്ത്രങ്ങൾ അഴിച്ചുമാറ്റി അല്ലാഹു തആലായിലേക്ക് നമ്മുടെ മുഴുവൻ ശ്രദ്ധയും തിരിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയിട്ടുണ്ട്.

അല്ലാഹു തആലായാണ് ഈ ജമാഅത്ത് സ്ഥാപിച്ചത്. അതിന്റെ പിന്തുണയ്ക്കായി നൂറുകണക്കിന് അടയാളങ്ങൾ അവൻ പ്രകടമാക്കുകയും ചെയ്തു. ഈ ജമാഅത്തിൽ പ്രവേശിക്കുന്നവർ തങ്ങളുടെ വ്യാജമായ പ്രവണതകളുടെ വസ്ത്രങ്ങൾ അഴിച്ചുമാറ്റേണ്ടതാണ്.

ഇതിൽ നമ്മുടെ കാലഘട്ടത്തിലെ അനാവശ്യമായ വിനോദങ്ങൾ, ആചാരങ്ങൾ, മതത്തിൽ പുതുതായി കൂട്ടിച്ചേർത്ത കാര്യങ്ങൾ, തെറ്റായ സമ്പ്രദായങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്നു.

ഇത്തരം കാര്യങ്ങളിൽനിന്നെല്ലാം നാം വിട്ടുനിൽക്കുകയും അവ ഉപേക്ഷിക്കുകയും വേണം. അപ്പോൾ മാത്രമേ യഥാർഥ അഹ്മദികളെന്ന് വിളിക്കപ്പെടാൻ നമുക്ക് സാധിക്കുകയുള്ളൂ.

മതം വികലമാക്കപ്പെട്ട ആയിരം വർഷത്തെ കാലഘട്ടത്തിലെ തെറ്റായ രൂപത്തെ നാം പിന്തുടരരുത്. മറിച്ച്, അതിനെ നവീകരിക്കുകയും പരിശുദ്ധ ഖുർആനിൽനിന്ന് അല്ലാഹു തആലായുടെ കൽപ്പനകൾ കണ്ടെത്തി അവ അനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുകയും വേണം.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ കാലഘട്ടം

മൂന്നാമത്തെ കാലഘട്ടം ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ കാലഘട്ടമാണ്. ഈ കാലഘട്ടത്തിൽ തിരുനബി ﷺ യുടെ അധ്യാപനങ്ങൾ പുനരുജ്ജീവിപ്പിക്കപ്പെടുന്നതാണ്.

അതിനാൽ നാം ഈ വിഷയത്തിലേക്ക് ശ്രദ്ധ തിരിക്കണം. ഇത് ഒരു പ്രവചനമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയിട്ടുണ്ട്: നിങ്ങൾ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ, ഞാൻ നിങ്ങളോട് നിർദേശിച്ച എല്ലാ കാര്യങ്ങളും അനുസരിച്ച് പ്രവർത്തിക്കണം.

അടിസ്ഥാനപരമായി, നാം ബൈഅത്ത് ചെയ്തിരിക്കുന്ന നിബന്ധനകളിൽ ഉൾപ്പെട്ടിരിക്കുന്ന കാര്യങ്ങൾ തന്നെയാണിവ.

ഹുസൂർ അൻവർ പറഞ്ഞു: ഈ വിഷയങ്ങൾ താൻ നേരത്തേതന്നെ വിശദമായി വിശദീകരിച്ചിട്ടുള്ളതും പുസ്തകരൂപത്തിൽ ലഭ്യമായതുമാണ്. തന്റെ ഖുതുബകളിലും പ്രഭാഷണങ്ങളിലും പലതവണ ഈ വിഷയങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുമുണ്ട്. അതിനാൽ അവ വീണ്ടും വീണ്ടും ശ്രദ്ധാപൂർവം കേൾക്കുകയും അവ അനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുകയും വേണം.

തൗഹീദ് സ്ഥാപിക്കുക

ജമാഅത്ത് തൗഹീദ് പ്രഖ്യാപിക്കണമെന്നും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുക, അവനെ സ്മരിക്കുക, സഹവിശ്വാസികളോടുള്ള അവകാശങ്ങൾ നിറവേറ്റുക എന്നീ കാര്യങ്ങൾക്ക് പ്രത്യേകം പ്രാധാന്യം നൽകണമെന്നും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പ്രത്യേകം ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്.

ശേഷം പേജ് 9 ൽ

ഖുത്ബ ജുമുഅ

2026 സെപ്റ്റംബർ 18/ 1405 തബൂക്ക് 18

മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

അല്ലാഹുവിലുള്ള തിരുനബി ﷺയുടെ അചഞ്ചലമായ വിശ്വാസം

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ايده الله تعالىٰ بنصره العزيز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

മുൻ ഖുത്ബയിൽ (2026 സെപ്റ്റംബർ 11), തിരുനബി ﷺ ക്ക് അല്ലാഹു ത ആലയിലുണ്ടായിരുന്ന അചഞ്ചലമായ വിശ്വാസത്തെക്കുറിച്ച് വിവരിച്ചുകൊണ്ട്, മക്കയിൽനിന്നുള്ള ഹിജ്റയുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ ഞാൻ വിശദീകരിച്ചിരുന്നു. ഈ യാത്രയുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങളുമുണ്ട്. ചരിത്രഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള ഈ സംഭവങ്ങൾ, അല്ലാഹുവിലുള്ള തിരുനബി ﷺയുടെ അചഞ്ചലമായ വിശ്വാസത്തിന്റെ മറ്റൊരു മഹത്തായ വശം കൂടി വെളിപ്പെടുത്തുന്നു.

ഹിജ്റയുടെ സന്ദർഭത്തിൽ, പ്രഖ്യാപിക്കപ്പെട്ടിരുന്ന പ്രതിഫലത്തോടുള്ള അത്യാഗ്രഹം കാരണം സുറാഖ ബിൻ മാലിക് തിരുനബി ﷺയെ പിന്തുടരാൻ തീരുമാനിച്ചതായി നിവേദനങ്ങളിൽ കാണാം. പിന്നീട് സുറാഖ ബിൻ മാലിക് ഇസ്‌ലാം സ്വീകരിച്ചു. മുസ്‌ലിമായതിനുശേഷം അദ്ദേഹം തന്നെയാണ് ഈ സംഭവം വിവരിച്ചത്.

അദ്ദേഹം പറയുന്നു:

''ഖുറൈശികളിലെ അവിശ്വാസികളുടെ ദൂതന്മാർ ഞങ്ങളുടെ അടുക്കൽ വന്നു. തിരുനബി ﷺ യെയും ഹദ്റത്ത് അബൂബക്കർ(റ)നെയും കൊലപ്പെടുത്തുകയോ പിടികൂടുകയോ ചെയ്യുന്നവർക്ക് അവർ രക്തപ്പണം നിശ്ചയിച്ചിരുന്നു.''

സുറാഖ പറയുന്നു:

''ഞാൻ എന്റെ ഗോത്രമായ ബനൂ മുദ്‌ലിജിലെ ആളുകളോടൊപ്പം ഒരു സദസ്സിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ ഞങ്ങളുടെ അടുത്തേക്ക് വന്നു. ഞങ്ങളെല്ലാവരും ഇരിക്കുമ്പോൾ അയാൾ ഞങ്ങളുടെ മുന്നിൽ വന്ന് പറഞ്ഞു: 'ഓ സുറാഖാ! കടൽത്തീരത്തുനിന്ന് ഏതാനും നിഴലുകൾ വരുന്നത് ഞാൻ ഇപ്പോൾ കണ്ടു.'അല്ലെങ്കിൽ അയാൾ ഇങ്ങനെ പറഞ്ഞു: 'മൂന്നുപേർ അടങ്ങുന്ന ഒരു യാത്രാസംഘത്തെ ഞാൻ കണ്ടു. അത് മുഹമ്മദും(സ) അദ്ദേഹത്തിന്റെസഹചാരിയുമാണെന്നാണ് ഞാൻ കരുതുന്നത്.'

സുറാഖ ബിൻ മാലിക് പറയുന്നു:

'അത് മുഹമ്മദിന്റെ(സ)ന്റെ യാത്രാസംഘം തന്നെയാണെന്ന് എനിക്ക് അറിയാമായിരുന്നു. എന്നാൽ ആ പ്രതിഫലത്തിൽ മറ്റാരും പങ്കു ചേരുന്നത് ഞാൻ ഇഷ്ടപ്പെട്ടില്ല. അതിനാൽ, സാഹചര്യം വളരെ സൂക്ഷ്മമായി കൈകാര്യം ചെയ്തുകൊണ്ട്, ആ വാർത്ത കൊണ്ടുവന്ന വ്യക്തിയോട് നിശ്ശബ്ദനായിരിക്കാൻ ഞാൻ കണ്ണുകൊണ്ട് ആംഗ്യം കാണിച്ചു. എന്നിട്ട് ഞാൻ പറഞ്ഞു: ''അല്ല, അത് മുഹമ്മദിന്റെ(സ) യാത്രാസംഘമാകാൻ വഴിയില്ല. നിങ്ങൾ പറഞ്ഞ ആളുകൾ നമ്മുടെ മുന്നിലൂടെ ഇപ്പോൾത്തന്നെ കടന്നുപോയിട്ടുണ്ട്. അവർ ഇന്ന ഗോത്രത്തിൽപ്പെട്ടവരാണ്. കാണാതായ തങ്ങളുടെ ഒട്ടകങ്ങളെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ് അവർ.'''

സുറാഖ പറയുന്നു:

'ആർക്കും സംശയം തോന്നാതിരിക്കാനായി ഞാൻ കുറച്ചുനേരം കൂടി ആ സദസ്സിൽ ഇരുന്നു. പിന്നീട് എന്റെ ഒരു വേലക്കാരിയോട്, വേഗത്തിൽ സഞ്ചരിക്കാൻ കഴിയുന്ന എന്റെ കുതിരയെയും കൊണ്ട് വീടിന്റെ പിന്നിലുള്ള ഒരു പ്രത്യേക സ്ഥലത്ത് പോയി എന്നെ കാത്തുനിൽക്കാൻ പറഞ്ഞു.'

കുറച്ചു സമയത്തിനുശേഷം സുറാഖയും അവിടെയെത്തി. അദ്ദേഹം തുടർന്നുപറയുന്നു:

'ഞാൻ അമ്പുകൾ ഉപയോഗിച്ച് നറുക്കെടുത്തു. ഈ യാത്രയ്ക്ക് എതിരായിട്ടായിരുന്നു നറുക്ക് വന്നത്. എന്നാൽ അതിൽ ഞാൻ ഒട്ടും ശ്രദ്ധിക്കാത്തതുപോലെ നടിച്ച്, കുതിരയെ മുന്നോട്ടു തെളിച്ച് വേഗത്തിൽ പുറപ്പെട്ടു. അത് മുഹമ്മദിന്റെ (സ) യാത്രാസംഘം തന്നെയാണെന്ന് ഞാൻ വിശ്വസിച്ചിരുന്നതിനാൽ അതിവേഗം അവരെ പിന്തുടർന്നു.'

സുറാഖ പറയുന്നു:

'ഓരോ ഘട്ടവും പിന്നിട്ട് ഞാൻ അതിവേഗം മുന്നേറി. താമസിയാതെ യാത്രാസംഘത്തിന്റെ അടുത്തെത്തി. അവരിൽനിന്ന് അൽപം മാത്രം അകലെയായിരുന്നപ്പോൾ എന്റെ കുതിര അസാധാരണമായ രീതിയിൽ ഇടറി. അതോടെ ഞാൻ കുതിരപ്പുറത്തുനിന്ന് താഴെ വീണു. പിന്നീട് എഴുന്നേറ്റ് വീണ്ടും നറുക്കെടുത്തു. ഇത്തവണയും എന്റെ ഉദ്ദേശ്യത്തിന് എതിരായിട്ടായിരുന്നു നറുക്ക് വന്നത്.

എന്നാൽ മുഹമ്മദിനെ(സ)നെ എന്റെ കൂടെ തിരികെ കൊണ്ടുപോയി നൂറ് പെൺ ഒട്ടകങ്ങളുടെ പ്രതിഫലം നേടണമെന്ന തീരുമാനത്തിൽ ഞാൻ ഉറച്ചുനിന്നു. ഞാൻ എഴുന്നേറ്റ് വീണ്ടും കുതിരപ്പുറത്ത് കയറി. ഇത്തവണ ഞാൻ അവരോട് വളരെ അടുത്തെത്തിയിരുന്നു. അപ്പോൾ അത് മുഹമ്മദും(സ)ഉം അബൂബക്കർ(റ)ഉം തന്നെയാണെന്ന് തിരിച്ചറിയാൻ മാത്രമല്ല, തിരുനബി ﷺ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നത് കേൾക്കാനും എനിക്ക് കഴിഞ്ഞു.

തിരുനബി ﷺ ചുറ്റുപാടുകളിലേക്ക് തിരിഞ്ഞുനോക്കിയിരുന്നില്ല. എന്നാൽ ഹദ്റത്ത് അബൂബക്കർ(റ) ഇടയ്ക്കിടെ തിരിഞ്ഞു നോക്കിക്കൊണ്ടിരുന്നു.'

തിരുനബി ﷺയുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഹദ്റത്ത് അബൂബക്കർ(റ) എല്ലാ ദിശകളിലേക്കും ശ്രദ്ധിച്ചുകൊണ്ട് പിന്നിലേക്ക് നോക്കിയതായിരിക്കാം.

സുറാഖ തുടർന്നു പറയുന്നു:

'അപ്പോൾത്തന്നെ എന്റെ കുതിര വീണ്ടും ഇടറി. അതിന്റെ കാലുകൾ മണലിൽ കുടുങ്ങി. അതോടെ ഞാൻ വീണ്ടും താഴെവീണു.

ഞാൻ കുതിരയെ ശാസിച്ചുകൊണ്ട് എഴുന്നേറ്റു. എന്നാൽ അതിന് കാലുകൾ നിലത്തുനിന്ന് പുറത്തെടുക്കാൻ കഴിഞ്ഞില്ല. ഒടുവിൽ, കുതിര നേരെ എഴുന്നേറ്റു നിന്നപ്പോൾ അതിന്റെ രണ്ടു കാലുകളിൽ നിന്നും പൊടി ഉയർന്നു. അത് പുകപോലെ അന്തരീക്ഷത്തിൽ പരന്നു.

ഞാൻ വീണ്ടും അമ്പുകൾ ഉപയോഗിച്ച് നറുക്കെടുത്തു. ഇത്തവണയും എനിക്ക് ഇഷ്ടമില്ലാത്ത അതേ ഫലമാണ് ലഭിച്ചത്.

അപ്പോൾ ഞാൻ അവിടെ നിന്നുകൊണ്ട് വിളിച്ചുപറഞ്ഞു. എന്റെ ഭാഗത്തുനിന്ന് നിങ്ങൾക്ക് സുരക്ഷയും സംരക്ഷണവും ഉറപ്പു നൽകുന്നു എന്നറിയിച്ചുകൊണ്ട് ഞാൻ പറഞ്ഞു: ''എന്റെ ഭാഗത്തുനിന്ന് നിങ്ങൾക്ക് യാതൊരു ഉപദ്രവവും ഉണ്ടാകില്ല.''

ഇതുകേട്ട് തിരുനബി ﷺ ഹദ്റത്ത് അബൂബക്കർ(റ)നോട് പറഞ്ഞു: ''അവൻ എന്താണ് ആഗ്രഹിക്കുന്നതെന്ന് അവനോട് ചോദിക്കൂ.''

ഞാൻ മറുപടി പറഞ്ഞു: ''ഞാൻ സുറാഖയാണ്. നിങ്ങളോട് സംസാരിക്കാൻ ആഗ്രഹിക്കുന്നു.''

അപ്പോൾ അവർ യാത്ര നിർത്തി.'

മക്കയിലെ ആളുകൾ തിരുനബി ﷺ യെയും ഹദ്റത്ത് അബൂബകർ(റ)നെയും ജീവനോടെയോ മരിച്ച നിലയിലോ പിടി കൂടുന്നവർക്ക് നൂറ് ഒട്ടകങ്ങളെ പ്രതിഫലമായി പ്രഖ്യാപിച്ചിരുന്നുവെന്നും, ആ പ്രലോഭനമാണ് തങ്ങളെ പിന്തുടരാൻ തന്നെ പ്രേരിപ്പിച്ചതെന്നും സുറാഖ വിശദീകരിച്ചു. എന്നാൽ തനിക്കുണ്ടായ അനുഭവങ്ങൾക്കു ശേഷം അവരെ പിന്തുടരുന്നത് ശരിയായ നടപടിയല്ലെന്ന് അദ്ദേഹത്തിന് ബോധ്യമായി.

യാത്രയ്ക്കാവശ്യമായ ഭക്ഷണവും മറ്റ് സാധനങ്ങളും അദ്ദേഹം തിരുനബി ﷺ ക്ക് വാഗ്ദാനം ചെയ്തു. ആവശ്യമായ ഭക്ഷണസാധനങ്ങളും മറ്റ് അവശ്യവസ്തുക്കളും എടുത്തുകൊള്ളുകയെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ തിരുനബി ﷺ അവ സ്വീകരിച്ചില്ല. പകരം, ''ഞങ്ങളെക്കുറിച്ച് ആരോടും പറയരുത്'' എന്നു മാത്രം നിർദേശിച്ചു.

സുറാഖ അതിന് സമ്മതിച്ചു. തുടർന്ന് അദ്ദേഹം പറഞ്ഞു:

''താങ്കൾ ഒരുനാൾ അധികാരവും ഭരണവും കൈവരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. അന്ന് ഞാൻ താങ്കളുടെ അടുക്കൽ വരുമ്പോൾ എന്നോട് ആദരവോടെയും ബഹുമാനത്തോടെയും പെരുമാറുമെന്ന് ഉറപ്പുനൽകുന്ന ഒരു രേഖ എനിക്ക് എഴുതിത്തരിക.''

ചില നിവേദനങ്ങൾ പ്രകാരം, അദ്ദേഹം സുരക്ഷ ഉറപ്പുനൽകുന്ന ഒരു രേഖയാണ് ആവശ്യപ്പെട്ടത്. അതനുസരിച്ച്, തിരുനബി ﷺയുടെ നിർദേശപ്രകാരം ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തിന് ആ രേഖ എഴുതിക്കൊടുത്തു. മറ്റൊരു നിവേദനമനുസരിച്ച്, ആ രേഖ എഴുതിയത് ആമിർ ബിൻ ഫുഹൈറയായിരുന്നു.

സുറാഖ ആ രേഖ കൈപ്പറ്റി അവിടെ നിന്ന് മടങ്ങിപ്പോയി. (സ്വഹീഹുൽ ബുഖാരി, കിതാബു മനാഖിബിൽ അൻസാർ, ഹദീസ് 3906.

സുബുലുൽ ഹുദാ വർറശാദ്, വാല്യം 3, ദാറുൽ കുതുബിൽ ഇൽമിയ്യ, ബെയ്റൂത്ത്, 1993, പേജ് 248.

മുഹമ്മദ് റസൂലുല്ലാഹ് വല്ലദീന മങ്അഹു, വാല്യം 3, മക്തബത്തു മിസ്വ്ർ, പേജുകൾ 64-65.)

ഇതായിരുന്നു അല്ലാഹുവിലുള്ള തിരുനബി ﷺയുടെ വിശ്വാസത്തിന്റെ ആഴവും ദൃഢതയും. അദ്ദേഹത്തിന് യാതൊരു വിധ ഭയവുമുണ്ടായിരുന്നില്ല. അല്ലാഹുവിന്റെ വചനങ്ങൾ പാരായണം ചെയ്തുകൊണ്ട് അദ്ദേഹം തന്റെ യാത്ര തുടർന്നുകൊണ്ടിരുന്നു.

തനിക്ക് യാതൊരാപത്തും സംഭവിക്കുകയില്ലെന്ന അത്രയും ശക്തമായ ദൃഢവിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ടുതന്നെ, സുറാഖ തനിക്ക് സുരക്ഷ ഉറപ്പുനൽകുന്ന ഒരു രേഖ എഴുതിത്തരാൻ ആവശ്യപ്പെട്ടപ്പോൾ തിരുനബി ﷺ അത് അദ്ദേഹത്തിന് അനുവദിച്ചുകൊടുത്തു. തിരുനബി ﷺ ഒടുവിൽ വിജയം കൈവരിക്കുമെന്ന് സുറാഖ കരുതിയിരുന്നു. എന്നാൽ ആ വിജയം തീർച്ചയായും തന്റേതായിരിക്കുമെന്ന് തിരുനബി ﷺ ക്ക് അതിനേക്കാൾ വലിയ ഉറപ്പുണ്ടായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന് സുരക്ഷ ഉറപ്പുനൽകുന്ന രേഖ എഴുതിക്കൊടുക്കാൻ പോലും തിരുനബി ﷺ തയ്യാറായത്.

മറ്റൊരു നിവേദനമനുസരിച്ച്, സുറാഖ മടങ്ങിപ്പോകുന്ന സമയത്ത് തിരുനബി ﷺ അദ്ദേഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു:

''സുറാഖാ! ഖുസ്രുവിന്റെ വളകൾ നിന്റെ കൈകളിലണിയുന്ന ദിവസം നിന്റെ അവസ്ഥ എന്തായിരിക്കും?''

ഇതുകേട്ട് അത്ഭുതത്തോടെ സുറാഖ തിരിഞ്ഞുനിന്ന് ചോദിച്ചു: ''ഹുർമുസിന്റെ മകനായ ഖുസ്രുവോ?''

തിരുനബി ﷺ പറഞ്ഞു: ''അതെ, ഹുർമുസിന്റെ മകനായ ആ ഖുസ്രു തന്നെ.''

അങ്ങനെ, ഹദ്റത്ത് ഉമർ(റ)യുടെ ഖിലാഫത്തിന്റെ കാലത്ത് ഖുസ്രുവിന്റെ വളകളും കിരീടവും അരപ്പട്ടയും കൊണ്ടുവന്നപ്പോൾ ഹദ്റത്ത് ഉമർ(റ) സുറാഖയെ വിളിച്ചു വരുത്തി പറഞ്ഞു: ''നിന്റെ കൈകൾ ഉയർത്തുക.''

തുടർന്ന് അദ്ദേഹം ആ വളകൾ സുറാഖയുടെ കൈകളിൽ അണിയിച്ചു കൊടുത്തു. എന്നിട്ട് പറഞ്ഞു: ''ഇങ്ങനെ പറയുക: 'ഹുർമുസിന്റെ മകനായ ഖുസ്രുവിൽ നിന്ന് ഈ രണ്ടെണ്ണം എടുത്ത് ഞങ്ങൾക്ക് നൽകിയ അല്ലാഹുവിനാണ് സർവസ്തുതിയും.'''

(മുഹമ്മദ് റസൂലുല്ലാഹ് വല്ലദീന മങ്അഹു, അബ്ദുൽ ഹമീദ്, വാല്യം 3, മക്തബത്തു മിസ്വ്ർ, പേജ് 65)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഈ യാത്രയുടെ സംഭവവും സ്വന്തം വാക്കുകളിൽ വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു:

''ഹിജ്റയുടെ സംഭവം അസാധാരണവും ഭയാനകവുമായ ഒന്നായിരുന്നു. അറേബ്യ മുഴുവനും തിരുനബി ﷺ യോട് എതിർപ്പുള്ളവരായിരുന്നു; അദ്ദേഹത്തിന്റെ രക്തത്തിനായി ദാഹിച്ചവരുമായിരുന്നു. എന്നിട്ടും ഒരേയൊരു സഹചാരിയോടൊപ്പം തിരുനബി ﷺ മദീനയിലേക്ക് പുറപ്പെട്ടു.

''യാത്രാ മാർഗത്തിലുടനീളം താമസിച്ചിരുന്ന ഗോത്രങ്ങളിൽ, തിരുനബി ﷺ യുടെ മതത്തോടുള്ള എതിർപ്പുമൂലം അദ്ദേഹത്തെ വധിക്കാൻ നിരന്തരം അവസരം തേടിക്കൊണ്ടിരുന്നവരുണ്ടായിരുന്നു. ഖുറൈശികളെ ഭയപ്പെട്ടിരുന്നതുകൊണ്ടു മാത്രമാണ് അവർ ഇതുവരെ മൗനം പാലിച്ചിരുന്നത്. എന്നാൽ ഇപ്പോൾ സ്ഥിതി മാറിയിരുന്നു. ഖുറൈശികൾ തന്നെ തിരുനബി ﷺ യെ വധിക്കാൻ തീരുമാനിച്ചിരിക്കുകയായിരുന്നു. അതിനാൽ, ഈ വ്യക്തിയെ വധിച്ചാൽ ഖുറൈശികൾ തങ്ങളോട് അത്യപ്തരാകാൻ യാതൊരു കാരണവുമില്ലെന്ന് അറേബ്യയിലെ എല്ലാ ഗോത്രങ്ങൾക്കും ഉറപ്പായി.

''ഖുറൈശികളുടെ എതിർപ്പിനെക്കുറിച്ചുള്ള ഭയം ഇല്ലാതായി എന്നതുമാത്രമല്ല സ്ഥിതി. തിരുനബി ﷺ മക്ക വിട്ടുപോയതായി അറിഞ്ഞ ഖുറൈശികൾ, അദ്ദേഹത്തെ പിടികൂടുന്നവർക്ക് പ്രതിഫലം പ്രഖ്യാപിക്കുകയും മദീനയിലേക്കുള്ള യാത്രാമാർഗത്തിൽ താമസിക്കുന്ന എല്ലാ ഗോത്രങ്ങളെയും ഇക്കാര്യം അറിയിക്കുകയും ചെയ്തു. തിരുനബി ﷺ യെയും ഹദ്റത്ത് അബൂബക്കർ(റ)നെയും ജീവനോടെയോ മരിച്ച നിലയിലോ പിടിച്ചു കൊണ്ടുവരുന്നവർക്ക് ഓരോരുത്തർക്കും നൂറ് ഒട്ടകങ്ങൾ വീതം പ്രതിഫലം നൽകുമെന്നായിരുന്നു പ്രഖ്യാപനം.

''കൊള്ളയടിക്കലിനെ ചുറ്റിപ്പറ്റിയായിരുന്നു അറബ് ഗോത്രങ്ങളുടെ ജീവിതംതന്നെ. അതിനു പുറമേ, അവർ അസൂയയുടെ അഗ്നിയിൽ ഇതിനകം എരിഞ്ഞുകൊണ്ടിരിക്കുകയുമായിരുന്നു. അതിനാൽ, ഇത്തരമൊരു അവസരം അവർ എങ്ങനെ കൈവിട്ടുകളയുമായിരുന്നു? തിരുനബി ﷺ യെ കണ്ടെത്തുന്നതിനുള്ള തിരച്ചിൽ എല്ലായിടത്തും ആരംഭിച്ചു. അദ്ദേഹം മുന്നോട്ടുവെക്കുന്ന ഓരോ ചുവടിലും രക്തദാഹിയായ ഏതെങ്കിലും ശത്രുവിനെ നേരിടേണ്ടി വരുമെന്ന ഭീഷണിയുണ്ടായിരുന്നതുപോലെയായിരുന്നു സ്ഥിതി.

''ഇത്തരം സന്ദർഭങ്ങളിൽ ഏറ്റവും ധീരരായ ആളുകൾക്കു പോലും ധൈര്യം നഷ്ടപ്പെടുകയും അവസാനത്തെ ശ്രമം നടത്താൻ കഴിയാത്ത അവസ്ഥയിലാകുകയും ചെയ്യുന്നതായി പലപ്പോഴും കണ്ടിട്ടുണ്ട്. അസാധാരണമായ ധൈര്യവും മനക്കരുത്തുമുള്ള ഒരാളാണെങ്കിൽപ്പോലും, ഭയം അത്രമേൽ ശക്തമായി മനസ്സിനെ കീഴടക്കിയേക്കാം. അപ്പോൾ ആ ഭയം അയാളുടെ ഓരോ ചലനത്തിലും പ്രകടമാകാൻ തുടങ്ങും.''

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തുടർന്ന് എഴുതുന്നു:

''ചരിത്രത്തിൽ മഹത്തായ ധൈര്യവും വീര്യവും പ്രകടിപ്പിച്ച ആളുകളുടെ സംഭവവിവരണങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. എന്നാൽ ഇതുപോലുള്ള സാഹചര്യങ്ങളിൽ അവരുടെ അവസ്ഥയെ തിരുനബി ﷺ യുടെ ഈ സംഭവവുമായി താരതമ്യം ചെയ്യാൻപോലും കഴിയില്ല.

''നെപ്പോളിയൻ പലായനം ചെയ്തപ്പോൾ എന്താണ് സംഭവിച്ചതെന്നും അദ്ദേഹത്തിന്റെ മുഖത്ത് എത്ര വ്യക്തമായ ഉത്കണ്ഠയുടെയും അസ്വസ്ഥതയുടെയും അടയാളങ്ങൾ പ്രകടമായിരുന്നുവെന്നും ചരിത്രകാരന്മാർക്ക് അറിയാം. ഇന്ത്യയുടെ ചക്രവർത്തിയായിരുന്ന ഹുമയൂൺ എങ്ങനെയാണ് പലതവണ ശത്രുക്കളുടെ കൈകളിൽ സ്വയം ഏൽപ്പിക്കാൻ തയ്യാറായതെന്നും അവർക്കറിയാം. അദ്ദേഹത്തോടൊപ്പം അസാധാരണമായ വിശ്വസ്തത പുലർത്തിയ ഏതാനും സൈന്യാധിപന്മാർ ഉണ്ടായിരുന്നില്ലെങ്കിൽ, ഒരുപക്ഷേ അദ്ദേഹം അങ്ങനെ ചെയ്യുകതന്നെ ചെയ്തേനെ.

''ഇതുപോലെ, ചരിത്രത്തിലൂടെ കടന്നു പോയിട്ടുള്ള മറ്റു പല മഹാന്മാരായ ധീരസൈന്യാധിപന്മാരും പ്രയാസകരമായ സാഹചര്യങ്ങളെ നേരിട്ടിട്ടുണ്ട്. ശത്രുക്കൾ അവരെകണ്ടെത്തുന്നതിനായി എല്ലാ വശങ്ങളിൽനിന്നും വളഞ്ഞപ്പോൾ അവർ ഭയചകിതരായി.

''എന്നാൽ തിരുനബി ﷺ ഈ ലോകത്തിലെ സാധാരണ മനുഷ്യരെപ്പോലെയായിരുന്നില്ല. അദ്ദേഹത്തിന്റെ ദൃഷ്ടി ഭൗതികലോകത്തിൽ പതിഞ്ഞിരുന്നില്ല; മറിച്ച്, അദ്ദേഹത്തിന്റെ കണ്ണുകൾ അല്ലാഹുവിലേക്കായിരുന്നു ഉയർന്നിരുന്നത്. ഭൗതികമായ മാർഗങ്ങളും ഉപാധികളുമായിരുന്നില്ല അദ്ദേഹത്തിന്റെചിന്തയിൽ ഉണ്ടായിരുന്നത്. 'ഇത്തരമൊരു സന്ദർഭത്തിൽ, ഒരേയൊരു സഹചാരിയുമായി തനിച്ചായിരിക്കെ എനിക്ക് എന്തുചെയ്യാൻ കഴിയും? അപകടകരമായ ഈ വഴിയിൽവെച്ച് ശത്രു ഞങ്ങളെ ആക്രമിച്ചാൽ അവരെ നേരിടാൻ എന്റെ കൈവശം എന്ത് ഉപാധികളാണുള്ളത്?' എന്ന് അദ്ദേഹം ചിന്തിച്ചില്ല.

''മറിച്ച്, അല്ലാഹു തന്നോടൊപ്പമുണ്ടെന്ന് അദ്ദേഹം കണ്ടു. തന്റെ സദ്വൃത്തരായ ദാസന്മാരെ എക്കാലവും സംരക്ഷിച്ചിട്ടുള്ള അല്ലാഹു; അവന്റെ വിധിക്കെതിരെ ഒരു ശത്രുവിനും വിജയിക്കാൻ കഴിയുകയില്ല.

''ആ അല്ലാഹു തന്നെയായിരുന്നു നൂഹ്(അ)ന്റെ അല്ലാഹു, ഇബ്രാഹീം (അ)ന്റെ അല്ലാഹു, മൂസാ (അ) ന്റെ അല്ലാഹു, യൂനുസ്(അ)ന്റെ അല്ലാഹു, അയ്യൂബ്(അ)ന്റെ അല്ലാഹു, ദാവൂദ്(അ)ന്റെ അല്ലാഹു, സുലൈമാൻ(അ) ന്റെ അല്ലാഹു, മസീഹ്(അ)ന്റെ അല്ലാഹു. ആ അല്ലാഹു തന്നെയായിരുന്നു തിരുനബി ﷺയുടെയും അല്ലാഹു. അവന്റെ ശക്തികൾക്ക് ഒരിക്കലും കുറവുണ്ടാകുന്നില്ല. ഒരു നിമിഷത്തേക്കുപോലും അവൻ അശ്രദ്ധനാകുന്നുമില്ല.

''അതിയായ അത്യാഗ്രഹവും ശത്രുതയും കൊണ്ട് വിവേകം നഷ്ടപ്പെട്ട സുറാഖ ബിൻ ജുശും അവരുടെ അടുത്തെത്തി. ദൂരെനിന്ന് തിരുനബി ﷺ യെ കണ്ടതോടെ അയാൾ കുതിരയെ അദ്ദേഹത്തിന്റെ നേർക്ക് അതിവേഗം പായിച്ചു.

''പ്രതീക്ഷയുടെ ഒരു പ്രവാഹം അയാളുടെ ഹൃദയത്തിലൂടെ ഒഴുകി. തന്റെ മതത്തെ അപമാനിച്ചുവെന്ന് അയാൾ കരുതിയ വ്യക്തിയുടെ രക്തം ചൊരിഞ്ഞുകൊണ്ട് മനസ്സിൽ കത്തിയെരിഞ്ഞിരുന്ന പ്രതികാരാഗ്നി ശമിപ്പിക്കാൻ മാത്രമല്ല അയാൾ ആഗ്രഹിച്ചത്; 200 ഒട്ടകങ്ങൾ പ്രതിഫലമായി ലഭിക്കുമെന്ന പ്രതീക്ഷയും അയാൾക്കുണ്ടായിരുന്നു. (തിരുനബി ﷺയെ പിടികൂടുന്നതിന് 100 ഒട്ടകങ്ങളും ഹദ്റത്ത് അബൂബക്കർ(റ)നെ പിടികൂടുന്നതിന് 100 ഒട്ടകങ്ങളും.) ഇവിടെ 200 ഒട്ടകങ്ങൾ എന്നാണ് പറയുന്നത്. എന്നാൽ മറ്റൊരു നിവേദനത്തിൽ 100 ഒട്ടകങ്ങൾ എന്നാണ് കാണുന്നത്; അതായത്, ഓരോരുത്തർക്കും 100 ഒട്ടകങ്ങൾ വീതം.

• ഹദീഥുന്നബ്വി ﷺ •

"അക്രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ഈ പ്രതിഫലം ലഭിച്ചാൽ തന്റെ ജനതയ്ക്കിടയിൽ വലിയ ആദരവും സ്ഥാനമാനങ്ങളും നേടാൻ കഴിയുമെന്നും അയാൾ പ്രതീക്ഷിച്ചു.

''അയാളുടെ ധൈര്യം കൂടുതൽ വർധിച്ചു. ഇരയെ കണ്ടയുടൻ അതിന്റെ നേർക്ക് പാഞ്ഞടുക്കുന്ന വേട്ടക്കാരനെപ്പോലെ അയാൾ തിരുനബി ﷺയുടെ നേർക്ക് കുതിച്ചു. കൈയിൽ വില്ലും അമ്പുമേന്തിയ അയാൾ അദ്ദേഹത്തെ അമ്പെയ്ത് വീഴ്ത്താൻ ഉദ്യേശിച്ചു.

''ആ പ്രദേശത്ത് അയാൾ തനിച്ചായിരുന്നെങ്കിലും, ഒരു വിളികൊണ്ട് ആയിരക്കണക്കിന് ആളുകളെ തനിക്കുചുറ്റും വിളിച്ചുകൂട്ടാൻ കഴിയാത്ത അവസ്ഥയിലായിരുന്നില്ല. (അയാൾ വിളിച്ചിരുന്നെങ്കിൽ ചുറ്റുമുള്ള ഗോത്രങ്ങളിൽനിന്നുള്ള ആളുകൾ സഹായത്തിനായി എത്തുമായിരുന്നിരിക്കാം.) കാരണം, ആ സമയത്ത് തിരുനബി ﷺ അയാളുടെ പ്രദേശത്തുകൂടിയാണ് കടന്നുപോയിക്കൊണ്ടിരുന്നത്.

''എന്നാൽ ആ നിമിഷത്തിൽ തിരുനബി ﷺ എന്താണ് ചെയ്തത്? അദ്ദേഹം ഓടി രക്ഷപ്പെട്ടോ? ഭയചകിതനായി അയാൾക്ക് സ്വയം കീഴടങ്ങിയോ? അദ്ദേഹത്തിന്റെ കാലുകൾ വിറയ്ക്കാൻ തുടങ്ങിയോ? അദ്ദേഹത്തിന്റെ ബോധവും വിവേകവും നഷ്ടപ്പെട്ടോ? അയാളെ കൊലപ്പെടുത്തിയ ശേഷം അവിടെ നിന്ന് ഓടിപ്പോകാൻ അദ്ദേഹം ശ്രമിച്ചോ? (തിരുനബി ﷺ അത്രയും അടുത്തായിരുന്നു; അദ്ദേഹം തനിച്ചുമായിരുന്നു. അതിനാൽ, അമ്പെയ്ത് സുറാഖയെ കൊലപ്പെടുത്താൻ അദ്ദേഹത്തിന് കഴിയുമായിരുന്നു.)

''ഇല്ല! അല്ലാഹുവിൽ സമ്പൂർണമായി ഭരമേൽപ്പിച്ച ആ മഹാത്മാവ് ഇതിലൊന്നും ചെയ്തില്ല. ഒരു കാളയോട് കാണിക്കുന്ന ശ്രദ്ധ പോലും അദ്ദേഹം സുറാഖയോട് കാണിച്ചില്ല.

''ഹദ്റത്ത് അബൂബക്കർ(റ) ധീരനും വീരനുമായിരുന്നു. അദ്ദേഹത്തിന് ശക്തമായ വിശ്വാസവും ദൃഢബോധ്യവുമുണ്ടായിരുന്നു. അല്ലാഹുവിലുള്ള തവക്കുലും (ഭരമേൽപ്പിക്കലും) അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്നു. എന്നിട്ടു പോലും സുറാഖ തങ്ങളോട് എത്രത്തോളം അടുത്തെത്തിയെന്ന് അറിയുന്നതിനായി അദ്ദേഹം വീണ്ടും വീണ്ടും തിരിഞ്ഞുനോക്കിക്കൊണ്ടിരുന്നു.

''എന്നാൽ തിരുനബി ﷺ അയാളെ ഒട്ടും ശ്രദ്ധിച്ചതേയില്ല. അദ്ദേഹം ഭയപ്പെടുകയോ ഓടി രക്ഷപ്പെടുകയോ ചെയ്യുന്നതിനെക്കുറിച്ച് പറയേണ്ടതില്ലല്ലോ; ഭയത്തിന്റെയോ പരിഭ്രാന്തിയുടെയോ നേരിയ അടയാളംപോലും അദ്ദേഹം പ്രകടിപ്പിച്ചില്ല. ഒരിക്കൽപോലും അദ്ദേഹം സുറാഖയുടെ നേരെ മുഖം തിരിച്ചുനോക്കിയില്ല.

''ഇത് സുറാഖയെ അങ്ങേയറ്റം വിസ്മയിപ്പിച്ചു. താൻ പിന്തുടരുന്നത് എത്ര അസാധാരണനായ ഒരു മനുഷ്യനെയാണെന്ന് ഈ സംഭവം അയാൾക്ക് തിരിച്ചറിവു കൊടുത്തു. തന്റെ ജീവിതാവസാനം വരെ ആ കാഴ്ച അയാൾക്ക് ഒരിക്കലും മനസ്സിൽനിന്ന് മായ്ച്ചുകളയാൻ കഴിഞ്ഞില്ല.''

''മറിച്ച്, ഈ അസാധാരണ സംഭവം സുറാഖയുടെ ഹൃദയത്തിൽ വലിയ ആഴത്തിലുള്ള സ്വാധീനം ചെലുത്തി; അതിനാൽ അദ്ദേഹം ഈ സംഭവം എപ്പോഴും മറ്റുള്ളവരോട് വിവരിക്കുമായിരുന്നു. അദ്ദേഹം പറയുമായിരുന്നു:

'തിരുനബി ﷺ ഖുർആൻ പാരായണം ചെയ്യുന്നത് എനിക്ക് കേൾക്കാൻ കഴിയുന്നത്ര അടുത്തെത്തുന്നതുവരെ ഞാൻ കുതിരപ്പുറത്ത് സഞ്ചാരം തുടർന്നു. തിരുനബി ﷺ വലത്തോട്ടോ ഇടത്തോട്ടോ ഒട്ടും നോക്കുന്നില്ലെന്ന് ഞാൻ കണ്ടു. എന്നാൽ ഹദ്റത്ത് അബൂബക്കർ(റ) ആവർത്തിച്ച് തിരിഞ്ഞു നോക്കിക്കൊണ്ടിരുന്നു.'

അല്ലാഹുവിന് സ്തുതി! അല്ലാഹു തആലയിലുള്ള എത്ര അസാധാരണമായ തവക്കുലാണിത്! ശത്രു കുതിരപ്പുറത്ത് തിരുനബി ﷺയുടെ ശബ്ദം കേൾക്കാൻ കഴിയുന്നത്ര അടുത്തെത്തിയിരുന്നു. അമ്പെയ്താൽ കൊള്ളാവുന്ന ദൂരത്തുപോലും അയാൾ എത്തിയിരുന്നു. എന്നിട്ടും തിരുനബി ﷺ പൂർണമായും ശാന്തനായി തുടർന്നു. ഭയത്തിന്റെയോ പരിഭ്രാന്തിയുടെയോ നേരിയ അടയാളം പോലും പ്രകടിപ്പിക്കാതെ അദ്ദേഹം വിശുദ്ധ ഖുർആൻ പാരായണം തുടർന്നുകൊണ്ടിരുന്നു. അതേസമയം, ശത്രു ഇപ്പോൾ എത്രത്തോളം അടുത്തെത്തിയെന്ന് അറിയുന്നതിനായി ഹദ്റത്ത് അബൂബക്കർ(റ) വീണ്ടും വീണ്ടും തിരിഞ്ഞുനോക്കിക്കൊണ്ടിരുന്നു.

ഇത്തരത്തിലുള്ള സമ്പൂർണമായ ഭരമേൽപ്പിക്കലിന്റെയും വിശ്വാസത്തിന്റെയും മറ്റൊരു ഉദാഹരണം കണ്ടെത്താൻ കഴിയുമോ? ഇത്രയും അപകടകരമായ ഒരു സന്ദർഭത്തിൽ ഇത്രമേൽ നിസ്സംഗതയും അചഞ്ചലതയും പ്രകടിപ്പിച്ച മറ്റൊരു മനുഷ്യനുണ്ടോ?

തിരുനബി ﷺ ഭൗതികമായ മാർഗങ്ങളെ ആശ്രയിക്കുന്നതിനെക്കുറിച്ച് അൽപമെങ്കിലും ചിന്തിച്ചിരുന്നുവെങ്കിൽ, ഏറ്റവും കുറഞ്ഞപക്ഷം ആ സമയത്ത് സുറാഖയെ ആക്രമിക്കാൻ ശ്രമിക്കുകയോ അല്ലെങ്കിൽ അവിടെനിന്ന് കഴിയുന്നത്ര വേഗത്തിൽ മാറിപ്പോകാൻ ശ്രമിക്കുകയോ ചെയ്യേണ്ടതായിരുന്നു. എന്നാൽ ഈ രണ്ടു മാർഗങ്ങളിൽ ഒന്നുപോലും അദ്ദേഹം സ്വീകരിച്ചില്ല. തന്റെ വേഗത വർധിപ്പിച്ചില്ല; സുറാഖയെ എങ്ങനെയെങ്കിലും കൊലപ്പെടുത്താനും ശ്രമിച്ചില്ല. മറിച്ച്, പൂർണമായ ശാന്തതയോടെ, ഭയത്തിന്റെയോ പരിഭ്രാന്തിയുടെയോ നേരിയ അടയാളം പോലും പ്രകടിപ്പിക്കാതെ, പതിവ് വേഗത്തിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ട് അദ്ദേഹം യാത്ര തുടർന്നു.

ആ നിമിഷത്തിൽ അദ്ദേഹത്തിന്റെ ഹൃദയത്തിന് ഇത്രമേൽ കരുത്ത് പകർന്നത് എന്തായിരുന്നു? അദ്ദേഹത്തിന്റെ ധൈര്യത്തെ ഇത്രയും ഉയരങ്ങളിലേക്ക് ഉയർത്തിയ ശക്തി എന്തായിരുന്നു? അദ്ദേഹത്തിനുള്ളിൽ ഇത്ര അസാധാരണമായ ജീവശക്തി ഉണർത്തിയ ആത്മീയ ചൈതന്യം എന്തായിരുന്നു?

ഇവയെല്ലാം അല്ലാഹുവിൽ തവക്കുൽ അർപ്പിക്കുന്നതിന്റെ അത്ഭുതങ്ങളായിരുന്നു. അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിന്റെ ഫലങ്ങളായിരുന്നു ഇവ.

ഭൗതികമായ മാർഗങ്ങൾക്ക് തന്നെ ഉപദ്രവിക്കാൻ കഴിയില്ലെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ലോകത്തിലെ ശക്തികൾക്ക് തന്നെ നശിപ്പിക്കാൻ കഴിയുകയില്ലെന്നും അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു. കാരണം, ആകാശത്തിൽ ഒരു അല്ലാഹുവുണ്ട്; അവൻ തന്നെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഈ ഭൗതിക മാർഗങ്ങളുടെയെല്ലാം സ്രഷ്ടാവും അവൻ തന്നെയാണ്. അതിനാൽ, ആ മാർഗങ്ങളെ സൃഷ്ടിച്ച അല്ലാഹുവിനെതിരെ അവയ്ക്ക് വിജയിക്കാനാവില്ല.

ഈ തവക്കുൽ വ്യർഥമായില്ല. മറിച്ച്, അല്ലാഹു അതിന്റെ ഫലം പ്രകടമാക്കി. ഇരുനൂറ് ഒട്ടകങ്ങളുടെ പ്രതിഫലത്തോടുള്ള അത്യാഗ്രഹം കാരണം പുറപ്പെട്ട സുറാഖ തിരുനബി ﷺ യോട് മാപ്പ് ചോദിക്കുകയും തിരിച്ചു പോകുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന്റെ ഹൃദയത്തിൽ അത്തരമൊരു ഭയാദരവ് നിറച്ചു; ശാന്തമായി സ്വന്തം വീട്ടിലേക്ക് മടങ്ങുന്നതാണ് ഏറ്റവും സുരക്ഷിതമായ മാർഗമെന്ന് അദ്ദേഹത്തിന് ബോധ്യമായി. തിരുനബി ﷺ യെ പിന്തുടർന്നുകൊണ്ടിരുന്ന മറ്റുള്ളവരെയും മടങ്ങിപ്പോകാൻ അദ്ദേഹം പ്രേരിപ്പിച്ചു.

ഇത്തരത്തിലുള്ള തവക്കുൽ ഒരു കള്ളന്റെ ഹൃദയത്തിൽ നിലനിൽക്കുകയില്ല; വഞ്ചന നിറഞ്ഞ ഹൃദയത്തിന് അതിനെ ഉൾക്കൊള്ളാനുമാവില്ല. ലോകത്ത് മറ്റൊന്നിനോടും താരതമ്യം ചെയ്യാനാവാത്തത്ര ഉന്നതമായ തവക്കുലിന്റെ ഒരു മാതൃകയാണിത്.

ഇത്തരത്തിലുള്ള ഭരമേൽപ്പിക്കലിന്റെ ഒരു ഉദാഹരണം മൂസാ നബി(അ)യുടെ ജീവിതത്തിലും ഒരവസരത്തിൽ കാണാം. എന്നാൽ ആ ഉദാഹരണം ഇതിനേക്കാൾ വളരെ താഴ്ന്നതാണ്. അതിന് കാരണം, ഫിർഔന്റെ ആളുകളെ കണ്ടപ്പോൾ മൂസാ നബി(അ)യുടെ അനുയായികൾ ഇങ്ങനെ പറഞ്ഞു എന്നതാണ്:

إِنَّا لَمُدْرَكُونَ

''തീർച്ചയായും നാം പിടിക്കപ്പെടാൻ പോകുകയാണ്.''

അപ്പോൾ മൂസാ നബി(അ) മറുപടി പറഞ്ഞു:

إِنَّ مَعِيَ رَبِّي سَيَهْدِينِ

''തീർച്ചയായും എന്റെ റബ്ബ് എന്നോടൊപ്പമുണ്ട്. അവൻ എനിക്ക് ശരിയായ വഴി കാണിച്ചുതരും.''

എന്നാൽ തിരുനബി ﷺയുടെ തവക്കുൽ അത്രമേൽ സമ്പൂർണവും പരിപൂർണവുമായിരുന്നു; അത് അദ്ദേഹത്തിന്റെ സഹചാരിയിലും സ്വാധീനം ചെലുത്തി. മൂസാ നബി(അ)യുടെ അനുയായികളിൽനിന്ന് വ്യത്യസ്തമായി, ഹദ്റത്ത് അബൂബക്കർ(റ) ഭയചകിതനായി, 'തീർച്ചയായും നാം പിടിക്കപ്പെടും' എന്ന് പറഞ്ഞില്ല. മറിച്ച്, ഗുഹയ്ക്കുള്ളിൽ ഇരിക്കുമ്പോൾപ്പോലും, അവർ താഴേക്ക് നോക്കിയാൽ തങ്ങളെ കാണാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

ആ സമയത്ത് തിരുനബി ﷺയുടെ പ്രവാചകത്വത്തിന്റെ പ്രകാശം ഹദ്റത്ത് അബൂബകർ(റ)യുടെ ഹൃദയത്തിലേക്ക് പകർന്നതിന്റെ ഫലമായിരുന്നു ഈ വിശ്വാസം.

കൂടാതെ, മൂസാ നബി(അ)യോടൊപ്പം ഒരു സൈന്യവും ഉണ്ടായിരുന്നു. മുന്നോട്ടു പോകുമ്പോൾ അവർക്ക് രക്ഷപ്പെടാൻ കഴിയുന്ന ഒരു സ്ഥലവും തീർച്ചയായും ഉണ്ടായിരുന്നിരിക്കണം. എന്നാൽ തിരുനബി ﷺ യോടൊപ്പം ഒരു ജനക്കൂട്ടമുണ്ടായിരുന്നില്ല; മുന്നോട്ടു പോകാൻ മറ്റൊരു വഴിയും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല.''

(അവലംബം: സീറത്തുന്നബി ﷺ, അൻവാറുൽ ഉലൂം, വാല്യം 1, പേജുകൾ 491-496.)

അല്ലാഹുവിലുള്ള അദ്ദേഹത്തിന്റെ ഭരമേൽപ്പിക്കലിന്റെ ഉന്നതമായ നിലവാരം ഇതായിരുന്നു.

• ഹദീഥുന്നബ്വി ﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്വി ﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

ലഭ്യമായ എല്ലാ മാർഗങ്ങളും ഉചിതമായി ഉപയോഗിക്കുകയും അതിനുശേഷം സർവശക്തനായ അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. തിരുനബി ﷺ അല്ലാഹുവിൽ പുലർത്തിയിരുന്ന ഭരമേൽപ്പിക്കലിനെക്കുറിച്ച് സംസാരിക്കവെ, ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഈ തത്ത്വം വിശദീകരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:

''അല്ലാഹുവിൽ യഥാർഥമായി വിശ്വസിക്കുകയും ഒരു പ്രത്യേക ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായാണ് ദൈവം തന്നെ സൃഷ്ടിച്ചിരിക്കുന്നതെന്ന് ഉറച്ച ബോധ്യമുണ്ടായിരിക്കുകയും ചെയ്യുന്ന ഒരാൾക്ക് ഒരിക്കലും പരിശ്രമം ഉപേക്ഷിക്കാനാവില്ല. മറിച്ച്, പരിശ്രമിക്കുന്ന കാര്യത്തിൽ അത്തരമൊരു വ്യക്തിയായിരിക്കും എല്ലാവരിലും ഏറ്റവും സജീവനായിരിക്കുക''

''തിരുനബി മുഹമ്മദ് ﷺയുടെ പ്രവൃത്തികളെല്ലാം അവിടുത്തെ വിശ്വാസത്തിൽ വേരൂന്നിയവയായിരുന്നു. അല്ലാഹു ഉണ്ടെന്നും ഒരു പ്രത്യേക ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായാണ് അവൻ തന്നെ സൃഷ്ടിച്ചിരിക്കുന്നതെന്നും വിശ്വസിക്കുന്ന ഒരാൾ സ്വാഭാവികമായും ആ ലക്ഷ്യം പൂർത്തീകരിക്കാൻ പരിശ്രമിക്കും. ഥൗർ ഗുഹയിൽ തിരുനബി ﷺ ഹദ്റത്ത് അബൂബക്കർ(റ)യെ ആശ്വസിപ്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞത് ശ്രദ്ധിക്കുക: 'അബൂബക്കർ, ഭയപ്പെടേണ്ട. അല്ലാഹു നമ്മോടൊപ്പമുണ്ട്; അവനാണ് നമ്മുടെ സംരക്ഷകൻ.' എന്നാൽ അതേസമയം, വിശ്വാസവുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളിലും അവിടുന്ന് രാവും പകലും അത്രയധികം കഠിനമായി അധ്വാനിച്ചിരുന്നു; ലോകത്തിന്റെ മുഴുവൻ ഉത്തരവാദിത്വം അവിടുത്തെ ചുമലുകളിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്നതു പോലെയായിരുന്നു അത്.

''അങ്ങനെ, ഒരു വശത്ത് അല്ലാഹു ഉണ്ടെന്നും അവൻ തന്റെ ദാസന്മാരെ സഹായിക്കുമെന്നും അവിടുത്തേക്ക് പൂർണമായ ഉറപ്പുണ്ടായിരുന്നു. മറുവശത്ത്, അവിടുന്ന് ഒരിക്കലും അല്ലാഹുവിനെ പരീക്ഷിച്ചു നോക്കിയില്ല. 'അല്ലാഹു എനിക്ക് വിജയം വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ; അതിനാൽ ഞാൻ വെറുതെ ഇരിക്കാം. പിന്നെ ഞാൻ എന്തിന് പരിശ്രമിക്കണം? അവന്റെ വാഗ്ദാനം നിറവേറ്റിക്കൊണ്ട് അല്ലാഹു എനിക്ക് വിജയം നൽകിക്കൊള്ളും' എന്ന് അവിടുന്ന് പറഞ്ഞില്ല. അതായിരുന്നില്ല അവിടുത്തെ രീതി. മറിച്ച്, വിജയം നേടുന്നതിനായി പ്രായോഗികമായി സ്വീകരിക്കാവുന്ന എല്ലാ നടപടികളും അവിടുന്ന് സ്വീകരിച്ചു. ആളുകൾക്ക് സൈനിക പരിശീലനം നൽകി, ശത്രുവിനെ നേരിടാൻ സൈന്യങ്ങളെ സംഘടിപ്പിച്ചു, വാഹനങ്ങളും യാത്രാ സൗകര്യങ്ങളും ഒരുക്കി, ആയുധങ്ങൾ സമ്പാദിച്ചു, സൈനികർക്കുള്ള ഭക്ഷണവും താമസസൗകര്യവും ഏർപ്പെടുത്തി. ഇത്തരം എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയതിനുശേഷം മാത്രമാണ് ശത്രുവിനെ നേരിടാൻ അവിടുന്ന് പുറപ്പെട്ടിരുന്നത്. മുസ്ലിംകൾ എണ്ണത്തിൽ കുറവായിരിക്കുകയും എതിരാളികളുടെ സൈന്യം വലുതായിരിക്കുകയും ചെയ്തപ്പോഴും പൂർണമായ ഉറപ്പോടും ആത്മവിശ്വാസത്തോടും കൂടി അവിടുന്ന് ഇപ്രകാരം പറയുമായിരുന്നു: 'നാം എണ്ണത്തിൽ കുറവാണെങ്കിലും വിജയം നമുക്കായിരിക്കും.'

''മനുഷ്യന്റെ പരിശ്രമം എത്തിച്ചേരാവുന്നിടത്തോളം തിരുനബി ﷺ എല്ലാ മാർഗങ്ങളും ഉപയോഗപ്പെടുത്തി. അതിനപ്പുറം അവിടുന്ന് അല്ലാഹുവിൽ ഭരമേൽപ്പിച്ചു. അതിനാൽ അവിടുത്തെ വിശ്വാസം അജ്ഞതയിൽ നിന്നോ അലസതയിൽ നിന്നോ ഉടലെടുത്തതായിരുന്നില്ല. മറിച്ച്, ദൃഢമായ ഉറപ്പിൽനിന്നും അനുഭവത്തിൽ നിന്നും രൂപപ്പെട്ട വിശ്വാസമായിരുന്നു അത്. അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലിനെയും പ്രവർത്തനത്തെയും ഒരുമിപ്പിക്കുന്ന വ്യക്തിക്കുള്ളതാണ് അത്തരമൊരു വിശ്വാസം. അതായത്, പരിശ്രമവും അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലും ഒരേസമയം മുറുകെപ്പിടിക്കുന്ന വ്യക്തിയുടെ വിശ്വാസം.''

(ഉസ്വയെ ഹസന, അൻവാറുൽ ഉലൂം, വാല്യം 17, പേജ് 97-98)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പ്രസ്താവിക്കുന്നു:

''മക്കയിൽ പതിമൂന്ന് വർഷം നീണ്ടുനിന്ന പരീക്ഷണങ്ങളുടെ കാലഘട്ടത്തിൽ, അത്തരം സാഹചര്യങ്ങളിൽ പൂർണമായും നീതിമാനായ ഒരു വ്യക്തി പ്രകടിപ്പിക്കേണ്ട എല്ലാ ഉന്നത ഗുണങ്ങളും തിരുനബി ﷺ തന്റെ ജീവിതത്തിലൂടെ പ്രകടമാക്കി. അല്ലാഹുവിലുള്ള ഭരമേൽപ്പിക്കൽ, കഷ്ടപ്പാടുകൾക്കിടയിലും പൂർണമായ മനഃശാന്തി നിലനിർത്തൽ, കടമകൾ സ്ഥിരതയോടെയും ഉത്സാഹത്തോടെയും നിർവഹിക്കൽ, നിർഭയത്വം എന്നിവ അവയിൽപ്പെടുന്നു. അവിടുത്തെ അചഞ്ചലമായ നിലപാട് കണ്ട അനേകം അവിശ്വാസികൾ അവിടുത്തിൽ വിശ്വസിച്ചു. അല്ലാഹുവിൽ പൂർണമായി ഭരമേൽപ്പിക്കുന്ന ഒരാൾക്കു മാത്രമേ ഇത്തരത്തിലുള്ള അചഞ്ചലതയും കഷ്ടപ്പാടുകൾ സഹിക്കാനുള്ള ക്ഷമയും പ്രകടിപ്പിക്കാൻ കഴിയൂ എന്നതിന് അവർ അങ്ങനെ സാക്ഷ്യം വഹിച്ചു.''

(ഇസ്ലാമി ഉസൂൽ കി ഫിലോസഫി, റൂഹാനി ഖസാഇൻ, വാല്യം 10, പേജ് 447)

അല്ലാഹുവിൽ ഭരമേൽപ്പിച്ചിരുന്നപ്പോഴും തിരുനബി ﷺ ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിരുന്നു. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ, ഇതിന് ഉദാഹരണമായി നിരവധി സംഭവങ്ങളുണ്ട്. അത്തരത്തിലുള്ള ഒരു സംഭവം ഹദ്റത്ത് ഉബയ്യ് ബിൻ കഅ്ബ് (റ) നിവേദനം ചെയ്ത ഒരു ഹദീസിൽ കാണാം.

തിരുനബി ﷺയും അനുചരന്മാരും മദീനയിൽ എത്തിച്ചേർന്നപ്പോൾ അൻസാറുകൾ-മദീനയിലെ സ്വദേശികളായ നിവാസികൾ-അവർക്ക് അഭയം നൽകിയതായി അദ്ദേഹം വിവരിക്കുന്നു. തുടർന്ന്, ചുറ്റുമുള്ള അറബ് ഗോത്രങ്ങൾ അവർക്കെതിരെ ഒന്നിച്ചുകൂടി. ആ സമയത്ത് മുസ്ലിംകളുടെ അവസ്ഥ എത്രത്തോളം ഗുരുതരമായിരുന്നുവെന്നാൽ, ആയുധങ്ങളില്ലാതെ അവർ രാത്രിയിൽ ഉറങ്ങുകയോ, രാവിലെ ഉണരുമ്പോൾ ആയുധങ്ങൾ അരികിൽ ഇല്ലാതിരിക്കുകയോ ചെയ്തിരുന്നില്ല.

(അൽമുസ്തദ്റക് അലസ്സ്വഹീഹൈൻ, വാല്യം 2, കിതാബുത്തഫ്സീർ, തഫ്സീർ സൂറത്തുന്നൂർ, ഹദീസ് 3512, ദാറുൽ കുതുബിൽ ഇൽമിയ്യ, ബെയ്റൂത്ത്, 2002, പേജ് 435)

അവർ ഉറങ്ങുമ്പോഴും ഉണരുമ്പോഴും ആയുധങ്ങൾ എപ്പോഴും തങ്ങളുടെ അരികിൽ സൂക്ഷിച്ചിരുന്നു. അവർ അല്ലാഹുവിൽ ഭരമേൽപ്പിച്ചിരുന്നു. എന്നാൽ ഏതു നിമിഷവും ശത്രുക്കളുടെ ആക്രമണമുണ്ടാകാമെന്നും അതിനാൽ ജാഗ്രത പാലിക്കുകയും സ്വന്തം സംരക്ഷണത്തിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണമെന്നും അവർ മനസ്സിലാക്കിയിരുന്നു.

ഹദ്റത്ത് ആഇശ(റ) മറ്റൊരു നിവേദനത്തിൽ ഇതിനെക്കുറിച്ച് കൂടുതൽ വിശദാംശങ്ങൾ നൽകുന്നുണ്ട്. തിരുനബി ﷺ മദീനയിൽ എത്തിയതിനു ശേഷം ഒരു രാത്രി അവിടുന്ന് ഉറങ്ങാതെ ഉണർന്നിരിക്കുകയായിരുന്നുവെന്ന് അവർ വിവരിക്കുന്നു. അപ്പോൾ അവിടുന്ന് ഇപ്രകാരം പറഞ്ഞു: ''ഇന്ന് രാത്രി എന്റെ അനുചരന്മാരിൽ സദ്വൃത്തനായ ഒരാൾ എനിക്ക് കാവൽ നിന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!''

ഹദ്റത്ത് ആഇശ(റ) പറയുന്നു: ഞങ്ങൾ ഈ അവസ്ഥയിലായിരിക്കെ പെട്ടെന്ന് ആയുധങ്ങളുടെ ശബ്ദം കേട്ടു. തിരുനബി ﷺ ചോദിച്ചു: ''അവിടെ ആരാണ്?'' മറുപടി വന്നു: ''ഞാൻ സഅ്ദ് ബിൻ അബീ വഖ്ഖാസ് ആണ്.'' തിരുനബി ﷺ ചോദിച്ചു: ''നിങ്ങൾ ഇവിടെ വന്നത് എന്തിനാണ്?'' അദ്ദേഹം മറുപടി നൽകി: ''അങ്ങയുടെ സുരക്ഷയെക്കുറിച്ച് എന്റെ മനസ്സിൽ ആശങ്കയുണ്ടായി. അതിനാൽ അങ്ങേക്ക് കാവൽ നിൽക്കാനായി ഞാൻ വന്നതാണ്.''

തിരുനബി ﷺ അദ്ദേഹത്തിനുവേണ്ടി പ്രാർഥിച്ചു. അതിനുശേഷം അവിടുന്ന് സമാധാനത്തോടെ ഉറങ്ങി.

ഇതേ സംഭവത്തെക്കുറിച്ചുള്ള മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് ആഇശ(റ) പറയുന്നു: ആയുധങ്ങളുടെ ശബ്ദം കേട്ടപ്പോൾ തിരുനബി ﷺ അവിടെ ആരാണെന്ന് ചോദിച്ചു. അപ്പോൾ സഅ്ദും ഹുദൈഫയും വന്നതാണെന്ന് മറുപടി ലഭിച്ചു. ഈ നിവേദനത്തിൽ രണ്ടു പേരെക്കുറിച്ചാണ് പരാമർശിക്കുന്നത്. അവർ തിരുനബി ﷺ യെ കാത്തു സംരക്ഷിക്കാനായി വന്നതായിരുന്നു.

തുടർന്ന് ഹദ്റത്ത് ആഇശ(റ)ക്ക് അവിടുത്തെ വേഗത്തിലുള്ള ശ്വാസോച്ഛ്വാസത്തിന്റെ ശബ്ദം കേൾക്കാൻ കഴിയുന്നതുവരെ തിരുനബി ﷺ ഉറങ്ങി. ദിവ്യബോധനം ലഭിക്കുന്ന സമയത്ത് അവിടുന്ന് ശ്വസിച്ചിരുന്നതു പോലെയുള്ള ശ്വാസോച്ഛ്വാസമായിരുന്നു അത്. ആ സമയത്ത് താഴെപ്പറയുന്ന വചനം അവതരിച്ചു:

وَاللّٰهُ يَعْصِمُكَ مِنَ النَّاسِ

''ജനങ്ങളിൽ നിന്ന് അല്ലാഹു അങ്ങയെ സംരക്ഷിക്കുന്നതാണ്.''

തിരുനബി ﷺ കൂടാരത്തിന് പുറത്തേക്ക് തല നീട്ടിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: ''ജനങ്ങളേ, നിങ്ങൾക്ക് ഇനി മടങ്ങിപ്പോകാം. സർവശക്തനായ അല്ലാഹു തന്നെ എന്റെ സംരക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നു.''

(അൽജാമിഉ ലി അഹ്കാമിൽ ഖുർആൻ, തഫ്സീറുൽ ഖുർതുബി, സൂറത്തുൽ മാഇദ, ആയത്ത് 68, ദാറു ഇബ്നു ഹസം, പേജ് 1104)

അല്ലാഹുവിൽനിന്ന് ഇത്തരമൊരു ദിവ്യമായ ഉറപ്പ് ലഭിക്കുന്നതിനു മുമ്പും, അല്ലാഹു പ്രത്യേകമായി എന്തെങ്കിലും വാഗ്ദാനം ചെയ്യുന്നതിനു മുമ്പും തിരുനബി ﷺ തനിക്ക് കാവൽ നിൽക്കുന്നതിനായി ആളുകളെ നിയോഗിച്ചിരുന്നു. എന്നാൽ സർവശക്തനായ അല്ലാഹു തന്നെ അവിടുത്തേക്ക് സംരക്ഷണം ഉറപ്പു നൽകിയപ്പോൾ, അല്ലാഹു തന്നെ സംരക്ഷിക്കുമെന്ന് അറിയിച്ചുകൊണ്ട് കാവൽക്കാരോട് മടങ്ങിപ്പോകാൻ അവിടുന്ന് നിർദേശിച്ചു.

തിരുനബി ﷺ വിവിധ ഭരണാധികാരികൾക്ക് ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തുകൾ അയച്ചപ്പോൾ, പേർഷ്യൻ ചക്രവർത്തിയായ കിസ്റാ തന്റെ അഹങ്കാരം കാരണം തിരുനബി ﷺ യുടെ കത്ത് കീറിക്കളഞ്ഞു. ഈ വിവരം അവിടുത്തെ അറിയിച്ചപ്പോൾ, അല്ലാഹുവിൽ പൂർണമായി ഭരമേൽപ്പിച്ചുകൊണ്ട് തിരുനബി ﷺ ഇപ്രകാരം പറഞ്ഞു:

''അല്ലാഹു തന്നെ അവരുടെ സാമ്രാജ്യത്തെ കഷണങ്ങളാക്കട്ടെ!''

കിസ്റാ ഇതിനകം തന്നെ യമനിലെ ഗവർണർ മുഖേന രണ്ട് സൈനികരെ തിരുനബി ﷺ യെ അറസ്റ്റ് ചെയ്യുന്നതിനായി അയക്കാൻ ഉത്തരവിട്ടിരുന്നു. അവർ തിരുനബി ﷺ യുടെ അടുത്തെത്തി, ഉടൻതന്നെ തങ്ങളോടൊപ്പം വരണമെന്ന് ആവശ്യപ്പെടുന്ന ഒരു കത്തും കൈവശം കൊണ്ടുവന്നിരുന്നു.

പ്രത്യക്ഷത്തിൽ അതീവ ഗുരുതരമായ ഭീഷണിയായിരുന്നു ഇത്. എന്നിരുന്നാലും തിരുനബി ﷺ യാതൊരു ഭയവും പ്രകടിപ്പിച്ചില്ല. അവിടുന്ന് ദൂതന്മാരോട് ഇപ്രകാരം മാത്രം പറഞ്ഞു: ''ഇന്ന് രാത്രി നിങ്ങൾ ഇവിടെ താമസിക്കുക. നാളെ ഞാൻ നിങ്ങൾക്ക് മറുപടി നൽകാം.''

അടുത്ത ദിവസം രാവിലെ അവിടുന്ന് അവരോട് പറഞ്ഞു: ''നിങ്ങളുടെ യജമാനനായ യമനിലെ ഗവർണറുടെ അടുത്തേക്ക് മടങ്ങിപ്പോകുക. (ഈ സന്ദേശം യമനിലെ ഗവർണർ മുഖേനയാണ് വന്നിരുന്നത്.) എന്റെ റബ്ബ് ഇന്നലെ രാത്രി നിങ്ങളുടെ യജമാനനായ കിസ്റായെ വധിച്ചുവെന്ന് അദ്ദേഹത്തോട് അറിയിക്കുക.''

ദൂതന്മാർ സ്തബ്ധരായി. അവർ മടങ്ങിപ്പോയി. പിന്നീട്, അന്നേ രാത്രി കിസ്റാ പർവേസ് സ്വന്തം മകനായ സിറോയിസിന്റെ കൈകളാൽ വധിക്കപ്പെട്ടതായി സ്ഥിരീകരിക്കപ്പെട്ടു.

(സീറത്ത് ഖാത്തമുന്നബിയ്യീൻ, പേജ് 815-816)

ഈ അസാധാരണ സംഭവം സർവശക്തനായ അല്ലാഹുവിന്റെ അത്ഭുതകരമായ സംരക്ഷണത്തിന്റെയും തിരുനബി ﷺ അല്ലാഹുവിൽ പുലർത്തിയ സമാനതകളില്ലാത്ത ഭരമേൽപ്പിക്കലിന്റെയും പ്രകടനമായി നിലകൊള്ളുന്നു.

തിരുനബി ﷺ സർവശക്തനായ അല്ലാഹുവിൽ പൂർണമായി ഭരമേൽപ്പിച്ചുകൊണ്ടും അവന്റെ അനുവാദത്തോടെയുമാണ് യുദ്ധങ്ങളിൽ പങ്കെടുക്കാൻ പുറപ്പെട്ടിരുന്നത്. യാത്രതിരിക്കുമ്പോൾ അവിടുന്ന് പ്രാർഥിക്കുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു: തിരുനബി ﷺ യുദ്ധത്തിനായി പുറപ്പെടുമ്പോൾ ഇപ്രകാരം പ്രാർഥിക്കുമായിരുന്നു:

اَللّٰهُمَّ اَنْتَ عَضُدِيْ وَاَنْتَ نَصِيْرِيْ وَبِكَ اُقَاتِلُ

''അല്ലാഹുവേ! നീയാണ് എന്റെ ശക്തിയും പിന്തുണയും. നീയാണ് എന്റെ സഹായിയും. നിന്നെ ആശ്രയിച്ചുകൊണ്ടാണ് ഞാൻ യുദ്ധം ചെയ്യുന്നത്.''

(സുനനുത്തിർമിദി, അബ്വാബുദ്ദഅവാത്ത്, ഹദീസ് 3584)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പ്രസ്താവിക്കുന്നു:

''പ്രയാസകരമായ സാഹചര്യങ്ങളിൽ ഒരു വ്യക്തിക്ക് സ്വാഭാവികമായും ഉത്കണ്ഠ അനുഭവപ്പെടുമെങ്കിലും, അവൻ ഒരിക്കലും അല്ലാഹുവിലുള്ള ഭരമേൽപ്പിക്കൽ ഉപേക്ഷിക്കരുത്. ബദ്ർ യുദ്ധസമയത്ത് തിരുനബി ﷺ അത്യധികം ഉത്കണ്ഠാകുലനായി. അവിടുന്ന് ഇപ്രകാരം പ്രാർഥിച്ചുകൊണ്ടിരുന്നു:

يَارَبِّ اِنْ اَهْلَكْتَ هٰذِهِ الْعِصَابَةَ فَلَنْ تُعْبَدَ فِي الْاَرْضِ اَبَدًا

'എന്റെ റബ്ബേ! ഈ സംഘത്തെ നീ നശിപ്പിക്കുകയാണെങ്കിൽ, പിന്നീട് ഭൂമിയിൽ ഒരിക്കലും നീ ആരാധിക്കപ്പെടുകയില്ല.'

''എന്നാൽ തിരുനബി ﷺയുടെ ഈ ഉത്കണ്ഠ മനുഷ്യസഹജമായ ഒരു പ്രതികരണം മാത്രമായിരുന്നു. കാരണം, മറുവശത്ത് അവിടുന്ന് അല്ലാഹുവിലുള്ള ഭരമേൽപ്പിക്കൽ ഒരിക്കലും കൈവിട്ടിരുന്നില്ല. അവിടുത്തെ ദൃഷ്ടി ആകാശത്തേക്കായിരുന്നു. സർവശക്തനായ അല്ലാഹു ഒരിക്കലും തന്നെ പരാജയപ്പെടുത്തുകയില്ലെന്ന് അവിടുത്തേക്ക് ഉറപ്പുണ്ടായിരുന്നു. നിരാശയോ പ്രത്യാശയറ്റ അവസ്ഥയോ മനോവ്യഥയോ അവിടുന്ന് അടുക്കാൻ അനുവദിച്ചില്ല.''

''മനുഷ്യന്റെ സ്വഭാവഗുണങ്ങളുടെയും ആത്മീയ പദവികളുടെയും പൂർണതയ്ക്കായി ഇത്തരം ഉത്കണ്ഠകൾ ഉണ്ടാകുന്നത് ആവശ്യമാണ്. എന്നാൽ ഒരു വ്യക്തിയും നിരാശയെ തന്നിലേക്ക് അടുക്കാൻ അനുവദിക്കരുത്. കാരണം, നിരാശ അഥവാ പ്രത്യാശയറ്റ അവസ്ഥയും മനോവ്യഥയും അവിശ്വാസികളുടെ സ്വഭാവഗുണമാണ്. മനസ്സിൽ ഉത്കണ്ഠയും സംശയങ്ങളും ജനിപ്പിക്കുന്ന പലതരം ചിന്തകൾ ഒരു വ്യക്തിക്കുണ്ടാകാം. എന്നാൽ വിശ്വാസം ഈ സംശയങ്ങളെ അകറ്റുന്നു. മനുഷ്യപ്രകൃതി ഉത്കണ്ഠ അനുഭവിക്കുന്നു; വിശ്വാസം അതിനെ ഇല്ലാതാക്കുന്നു.''

(മൽഫൂസാത്ത്, 2022, വാല്യം 4, പേജ് 271-272)

സർവശക്തനായ അല്ലാഹുവിലുള്ള തിരുനബി ﷺയുടെ ഭരമേൽപ്പിക്കലിന് തെളിവായി പ്രസിദ്ധമായ മറ്റൊരു സംഭവവുമുണ്ട്. ഒരിക്കൽ ഒരു ശത്രു തിരുനബി ﷺ യെ തനിച്ചായിരിക്കെ കണ്ടെത്തുകയും അവിടുത്തേക്ക് നേരെ വാൾ ഉയർത്തുകയും ചെയ്തു. എന്നിട്ടും യാതൊരു ഉത്കണ്ഠയും പ്രകടിപ്പിക്കാതെ അവിടുന്ന് ഇപ്രകാരം പറഞ്ഞു:

''സർവശക്തനായ അല്ലാഹു നിന്നിൽ നിന്ന് എന്നെ രക്ഷിക്കും.''

(സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ഹദീസ് 4135, വിവർത്തനം, വാല്യം 8, പേജ് 293-294)

ഈ സംഭവം വിവരിക്കവെ, ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തിരുനബി ﷺ അല്ലാഹുവിൽ പുലർത്തിയിരുന്ന അത്യുന്നതമായ ഭരമേൽപ്പിക്കലിനെക്കുറിച്ച് ഇപ്രകാരം വിശദീകരിക്കുന്നു:

''അല്ലാഹുവിലുള്ള അവിടുത്തെ ഭരമേൽപ്പിക്കൽ എത്രത്തോളം ഉന്നതമായിരുന്നു! ഒരാൾ അവിടുത്തെ തനിച്ചായിരിക്കെ കണ്ടെത്തി, അവിടുത്തേക്ക് നേരെ വാൾ ഉയർത്തി, 'ഇപ്പോൾ നിന്നെ എന്നിൽനിന്ന് ആർക്കാണ് രക്ഷിക്കാൻ കഴിയുക?' എന്ന് ചോദിച്ചു. തിരുനബി ﷺ നിരായുധനായിരുന്നിട്ടും കിടക്കുകയായിരുന്നതിനാൽ അനങ്ങാൻ പോലും കഴിയാത്ത അവസ്ഥയിലായിരുന്നിട്ടും, പൂർണമായ ശാന്തതയോടും സമചിത്തതയോടും കൂടി അവിടുന്ന് മറുപടി നൽകി:

'അല്ലാഹു!'

''അത്രത്തോളം ഉറപ്പോടും ദൃഢവിശ്വാസത്തോടും കൂടിയാണ് ഈ വാക്ക് അവിടുത്തെ അധരങ്ങളിൽനിന്ന് പുറപ്പെട്ടത്; ആ അവിശ്വാസിക്കുപോലും അവിടുത്തെ വിശ്വാസത്തിന്റെ മഹത്ത്വവും ദൃഢവിശ്വാസത്തിന്റെ പൂർണതയും അംഗീകരിക്കാതിരിക്കാനായില്ല. അവന്റെ കയ്യിൽനിന്ന് വാൾ താഴെവീണു. തിരുനബി ﷺ യെ വധിക്കാനായി വന്ന ആ മനുഷ്യൻ കുറ്റവാളിയെപ്പോലെ അവിടുത്തെ മുമ്പിൽ നിന്നു.''

(തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം, വാല്യം 20, പേജ് 386)

അഹ്സാബ് യുദ്ധസമയത്ത് മുസ്ലിംകൾ അത്യന്തം പ്രയാസകരമായ സാഹചര്യങ്ങളെയാണ് നേരിട്ടത്. മദീനയ്ക്കുള്ളിൽത്തന്നെ നിലയുറപ്പിച്ചുകൊണ്ട് ശത്രുവിനെ നേരിടാനായിരുന്നു തീരുമാനം. ഇത് ഭയം കൊണ്ടോ അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലിന്റെ കുറവുകൊണ്ടോ ആയിരുന്നില്ല; മറിച്ച് സൈനിക തന്ത്രത്തിന്റെ ഭാഗമായിരുന്നു. ശത്രുക്കളുടെ പെട്ടെന്നുള്ള ആക്രമണത്തിൽ നിന്ന് മുസ്ലിംകളെ സംരക്ഷിക്കുന്നതിനായി മദീനയ്ക്ക് ചുറ്റും ഒരു കിടങ്ങ് കുഴിച്ചു.

മുസ്ലിംകളുടെ അവസ്ഥ അതീവ ദുഷ്കരമായിരുന്നു. അവരിൽ പലരും ദരിദ്രരായിരുന്നു. സ്വന്തം അധ്വാനത്തിലൂടെയായിരുന്നു അവർ ദൈനംദിന അന്നം കണ്ടെത്തിയിരുന്നത്. ഇത്രയേറെ പ്രയാസങ്ങൾ ഉണ്ടായിരുന്നിട്ടും, ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം നേടുന്നതിനായി കിടങ്ങ് കുഴിക്കുന്ന ജോലിയിൽ എല്ലാവരും ഒരുമിച്ചുചേർന്നു. ദിവസേന ജോലി ചെയ്യാൻ കഴിയാത്തവർക്ക് പട്ടിണി കിടക്കേണ്ടിവന്നു.

അക്കാലത്ത് അറേബ്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള അനേകം ഗോത്രങ്ങൾ ഒന്നിച്ചുചേർന്ന് മുസ്ലിംകൾക്കെതിരെ ആക്രമണം അഴിച്ചുവിട്ടു. ശത്രുസൈന്യത്തിന്റെ എണ്ണത്തെക്കുറിച്ച് വ്യത്യസ്ത നിവേദനങ്ങളിൽ വ്യത്യസ്ത കണക്കുകളാണുള്ളത്. ഏതായാലും, പരാമർശിക്കപ്പെടുന്ന ഏറ്റവും കുറഞ്ഞ എണ്ണം 10,000 ആണ്. മറ്റു ചില നിവേദനങ്ങളിൽ 15,000 എന്നും വേറെ ചിലതിൽ 24,000 എന്നും കാണുന്നു.

മദീനയിലെ ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ 10,000 എന്ന സംഖ്യപോലും വളരെ വലുതായിരുന്നു. ആ ചെറിയ നഗരത്തെ സംബന്ധിച്ചിടത്തോളം അത്രയും വലിയൊരു സൈന്യം അതീവ ഗൗരവമേറിയ ഭീഷണിയായിരുന്നു. (സീറത്ത് ഖാത്തമുന്നബിയ്യീൻ, പേജ് 574)

എന്നിരുന്നാലും, ഇത്രയേറെ പ്രയാസങ്ങളും ദാരിദ്ര്യവും നേരിട്ടുകൊണ്ടിരിക്കെ, എണ്ണത്തിൽ കുറവായിരുന്നിട്ടും, ഇത്ര വലിയൊരു സൈന്യത്തെ നേരിടാൻ മുസ്ലിംകൾ തയ്യാറായി. തങ്ങളുടെ എണ്ണം കുറവായതിനാൽ നഗരത്തിനുള്ളിൽ നിന്നുകൊണ്ട് ശത്രുവിനെ നേരിടുക എന്നതായിരുന്നു അവരുടെ തന്ത്രം. ഇതും സർവശക്തനായ അല്ലാഹുവിന്റെ അനുഗ്രഹമായിരുന്നു. വരാനിരിക്കുന്ന സംഭവങ്ങളെക്കുറിച്ച് അല്ലാഹു അവരെ നേരത്തേതന്നെ അറിയിച്ചിരുന്നതുമാണ്.

മുസ്ലിംകളുടെ വിശ്വാസവും കൂടുതൽ ശക്തിപ്പെട്ടിരുന്നു. ശത്രുക്കളുടെ വലിയ സംഖ്യ കണ്ട് അവർ ഉത്കണ്ഠയ്ക്ക് കീഴടങ്ങിയില്ല. മറിച്ച്, ആ സമയത്ത് തിരുനബി ﷺ അല്ലാഹുവിൽ പുലർത്തിയിരുന്ന ഭരമേൽപ്പിക്കൽ മുസ്ലിംകളുടെ അല്ലാഹുവിലുള്ള വിശ്വാസത്തെകൂടുതൽ ശക്തിപ്പെടുത്തി. കപടവിശ്വാസികളുടെ വാക്കുകൾ കേട്ടിട്ടുപോലും അവരുടെ ധൈര്യം ചോർന്നുപോയില്ല.

അവരുടെ അചഞ്ചലതയുടെയും അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലിന്റെയും ഫലമായി സർവശക്തനായ അല്ലാഹു ഒരുക്കിയ സംവിധാനങ്ങൾ ശ്രദ്ധിക്കുക. ശക്തമായ കൊടുങ്കാറ്റും അതിശക്തമായ കാറ്റും അവിശ്വാസികളെ ഭയചകിതരാക്കി. അതോടെ അവർ യുദ്ധഭൂമിയിൽനിന്ന് ഓടിപ്പോയി. പരിഭ്രാന്തിയോടെ അവർ പിൻവാങ്ങിയതിനാൽ തങ്ങളുടെ ഉപകരണങ്ങൾ, ഭക്ഷ്യവസ്തുക്കൾ, മറ്റ് സാധനങ്ങൾ എന്നിവയിൽ വലിയൊരു ഭാഗം അവിടെത്തന്നെ ഉപേക്ഷിച്ചുപോയി. പിന്നീട് ഇവ മുസ്ലിംകൾക്ക് പ്രയോജനപ്പെടുകയും ചെയ്തു. സർവശക്തനായ അല്ലാഹുവിൽ ഭരമേൽപ്പിച്ചതിന്റെ ഫലമായിരുന്നു ഇത്.

അഹ്സാബ് യുദ്ധവുമായി ബന്ധപ്പെട്ട്, വളരെ ചെറിയ അളവിലുള്ള ഭക്ഷണം ഒരു വലിയ സൈന്യത്തിന് മുഴുവൻ മതിയായിത്തീർന്ന സംഭവവുമുണ്ട്. ഇത് തീർച്ചയായും ഒരു മുഅ്ജിസത്ത്-ദിവ്യമായ അത്ഭുതം-ആയിരുന്നു. അതോടൊപ്പം, സർവശക്തനായ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിന്റെ മഹത്തായ ഉദാഹരണവുമായിരുന്നു അത്.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് അൻസ്വാരി(റ) നിവേദനം ചെയ്യുന്നു:

''കിടങ്ങ് യുദ്ധദിവസം ഞങ്ങൾ മണ്ണ് കുഴിച്ചുകൊണ്ടിരിക്കുമ്പോൾ, വളരെ കഠിനമായ ഒരു പാറ ഞങ്ങളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. ഞങ്ങൾ തിരുനബി ﷺയുടെ അടുത്തുചെന്ന് പറഞ്ഞു: 'കിടങ്ങിൽ ഒരു പാറ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'ഞാൻ താഴേക്ക് വരാം.' അതായത്, 'ഞാൻ വന്ന് അത് പൊട്ടിക്കാം.'

''അവിടുന്ന് എഴുന്നേറ്റു. അപ്പോൾ അവിടുത്തെ വയറിനുചുറ്റും ഒരു കല്ല് കെട്ടിയിരുന്നു. അക്കാലത്ത് വിശപ്പുകാരണം വയറിന് താങ്ങ് ലഭിക്കുന്നതിനായി അവർ വയറിനുചുറ്റും കല്ലുകൾ കെട്ടുമായിരുന്നു. ഞങ്ങൾ മൂന്ന് ദിവസമായി ഒന്നും ഭക്ഷിച്ചിരുന്നില്ല. വിശപ്പിന്റെ കാഠിന്യം ഇത്രത്തോളമായിരുന്നു.

''തിരുനബി ﷺ ഒരു പിക്കാക്സ് എടുത്ത് ആ പാറയിൽ അടിച്ചു. പാറ തകർന്നു ചിതറി, അയഞ്ഞ മണൽക്കൂമ്പാരം പോലെയായി. തിരുനബി ﷺയുടെ അവസ്ഥ കണ്ടപ്പോൾ ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, എനിക്ക് വീട്ടിലേക്ക് പോകാൻ അനുവാദം നൽകണമേ.'

''ഞാൻ വീട്ടിലെത്തി ഭാര്യയോട് പറഞ്ഞു: 'തിരുനബി ﷺ യെക്കുറിച്ച് എനിക്ക് സഹിക്കാനാകാത്ത ഒരു കാര്യം ഞാൻ കണ്ടു. വിശപ്പു കാരണം അവിടുന്ന് വയറിനു ചുറ്റും കല്ല് കെട്ടിയിരിക്കുന്നതാണ് ഞാൻ കണ്ടത്. നിന്റെ കൈവശം എന്തെങ്കിലും ഭക്ഷണമുണ്ടോ?'

''അവൾ മറുപടി പറഞ്ഞു: 'കുറച്ച് ധാന്യവും ഒരു ചെറിയ ആടുമുണ്ട്.' അപ്പോൾ ഞാൻ ആടിനെ അറുത്തു. അവൾ ധാന്യം പൊടിക്കുന്നതിനിടെ ഞങ്ങൾ ഇറച്ചി കല്ലുകൊണ്ടുള്ള പാത്രത്തിലിട്ട് പാകം ചെയ്യാൻ തുടങ്ങി. പിന്നീട് ഞാൻ തിരുനബി ﷺയുടെ

അടുത്തേക്ക് മടങ്ങി.

''അപ്പോഴേക്കും മാവ് കുഴച്ച് പൊങ്ങിവന്നിരുന്നു. പാത്രം അടുപ്പിൽ വെച്ചിരുന്നു; ഭക്ഷണം ഏകദേശം തയ്യാറായിക്കഴിഞ്ഞിരുന്നു.

''ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, എന്റെ കൈവശം കുറച്ച് ഭക്ഷണമുണ്ട്. അങ്ങ് ദയവായി ഒന്നോ രണ്ടോ പേരെ കൂടെകൂട്ടി ഭക്ഷണം കഴിക്കാൻ വന്നാലും.'

''അവിടുന്ന് ചോദിച്ചു: 'എത്രത്തോളം ഭക്ഷണമുണ്ട്?'

''ഞാൻ ഭക്ഷണത്തിന്റെ അളവ് അവിടുത്തോട് പറഞ്ഞു. അപ്പോൾ തിരുനബി ﷺ പറഞ്ഞു: 'അത് ധാരാളമാണ്. ഒരു ആടിന്റെ ഇറച്ചിയും കുറച്ച് ബാർലിയും ഉണ്ടല്ലോ. അത് മതിയാകും. ധാരാളമുണ്ട്; നല്ലതുമാണ്.'

''തുടർന്ന് അവിടുന്ന് പറഞ്ഞു: 'ഞാൻ എത്തുന്നതുവരെ പാത്രം അടുപ്പിൽനിന്ന് ഇറക്കരുതെന്നും റൊട്ടി അടുപ്പിൽനിന്ന് പുറത്തെടുക്കരുതെന്നും നിന്റെ ഭാര്യയോട് പറയുക.'''

''തുടർന്ന് തിരുനബി ﷺ സ്വഹാബികളോട് തന്നോടൊപ്പം വരാൻ നിർദേശിച്ചു.

''മുഹാജിറുകളും അൻസാറുകളും എഴുന്നേറ്റു. ഹദ്റത്ത് ജാബിർ(റ) തന്റെ ഭാര്യയുടെ അടുത്തെത്തിയപ്പോൾ പറഞ്ഞു: 'നിനക്ക് അനുഗ്രഹമുണ്ടാകട്ടെ! തിരുനബി ﷺ മുഹാജിറുകളും അൻസാറുകളും അവരോടൊപ്പമുള്ള എല്ലാവരുമായി ഇവിടെ എത്തിയിരിക്കുന്നു.'

''അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ചോദിച്ചു: 'തിരുനബി ﷺ നിങ്ങളോട് എന്തെങ്കിലും ചോദിച്ചിരുന്നോ?'

''ഞാൻ മറുപടി നൽകി: 'അതെ.'

''അവൾ ചോദിച്ചു: 'എന്താണ് അവിടുന്ന് ചോദിച്ചത്?'

''ഭക്ഷണം എത്രത്തോളമുണ്ടെന്ന് അവിടുന്ന് ചോദിച്ചതും ഞാൻ അതിന് നൽകിയ മറുപടിയും ഉൾപ്പെടെ സംഭവിച്ചതെല്ലാം ഞാൻ അവളോട് വിവരിച്ചു.

''തുടർന്ന് തിരുനബി ﷺ സ്വഹാബികളെ തന്നോടൊപ്പം കൂട്ടിക്കൊണ്ടുവന്ന് പറഞ്ഞു: 'നിങ്ങൾ അകത്തേക്ക് പ്രവേശിക്കുക. എന്നാൽ ഒരുമിച്ച് തിക്കിത്തിരക്കരുത്.' അതായത്, ധൃതി കൂട്ടേണ്ടതില്ലെന്നും ശാന്തമായി വീടിനുള്ളിൽ ഇരിക്കണമെന്നുമായിരുന്നു അവിടുന്ന് ഉദ്ദേശിച്ചത്.

''അവിടുന്ന് റൊട്ടിയുടെ കഷണങ്ങൾ മുറിച്ച് അവയുടെ മുകളിൽ ഇറച്ചി വെച്ച് സ്വഹാബികൾക്ക് നൽകാൻ തുടങ്ങി. റൊട്ടി ഒരു തുണികൊണ്ട് മൂടിയിരുന്നു. അവിടുന്ന് അതിൽനിന്ന് ഒരു കഷണം മുറിച്ചെടുത്ത് അതിന്മേൽ അൽപം ഇറച്ചിച്ചാറ് ഒഴിച്ച് സ്വഹാബികൾക്ക് നൽകുമായിരുന്നു. പാത്രത്തിൽ നിന്നോ അടുപ്പിൽ നിന്നോ എന്തെങ്കിലും എടുക്കുമ്പോഴെല്ലാം അവിടുന്ന് അത് വീണ്ടും മൂടിവെക്കും. സ്വഹാബികൾ എല്ലാവരും വയറുനിറച്ച് ഭക്ഷിക്കുന്നതുവരെ അവിടുന്ന് ഈ രീതിയിൽ തുടർന്നു. എല്ലാവരുടെയും വിശപ്പടങ്ങി. എന്നിട്ടും കുറച്ച് ഭക്ഷണം ശേഷിച്ചു.

''തിരുനബി ﷺ ഹദ്റത്ത് ജാബിറിന്റെ(റ) ഭാര്യയോട് പറഞ്ഞു: 'ഇത് നീയും കഴിക്കുക. കൂടാതെ, ഇതിൽനിന്ന് കുറച്ച് മറ്റുള്ളവർക്ക് സമ്മാനമായി നൽകുകയും ചെയ്യുക. കാരണം, ജനങ്ങൾ വളരെ വിശന്നിരിക്കുകയാണ്.''

(സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ഹദീസ് 4101 ധവിവർത്തനംപ, വാല്യം 8, പേജ് 240-241)

ഈ സംഭവം അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലിനോടൊപ്പം അനുഗ്രഹത്തിനായുള്ള പ്രാർഥനയും എത്രത്തോളം പ്രധാനമാണെന്ന് വ്യക്തമാക്കുന്നു. തീർച്ചയായും, ആ ഭക്ഷണത്തിൽ അല്ലാഹുവിന്റെ അനുഗ്രഹം വർഷിക്കപ്പെടുകയും ചെയ്തു.

തുടർന്ന്, ഹദ്റത്ത് ബറാഅ് ബിൻ ആസിബ് (റ) യോട് ഒരാൾ ചോദിച്ചതായി നിവേദനം ചെയ്യപ്പെടുന്നു: ''ഹുനൈൻ യുദ്ധസമയത്ത് നിങ്ങൾ അല്ലാഹുവിന്റെ തിരുദൂതരെ പിന്നിലാക്കി ഓടിപ്പോയിരുന്നോ?''

അദ്ദേഹം മറുപടി നൽകി: ''അതെ. എന്നാൽ അല്ലാഹുവിന്റെ തിരുദൂതർ യുദ്ധക്കളം വിട്ടുപോയില്ല. ഹവാസിൻ ഗോത്രക്കാർ വിദഗ്ധരായ അമ്പെയ്ത്തുകാരായിരുന്നു. ഞങ്ങൾ അവരെ നേരിട്ടപ്പോൾ അവരെ ആക്രമിക്കുകയും അവർ പരാജയപ്പെടുകയും ചെയ്തു. തുടർന്ന് മുസ്ലിംകൾ യുദ്ധമുതൽ ശേഖരിക്കാൻ തുടങ്ങി. എന്നാൽ ശത്രുക്കൾ മുന്നിൽനിന്ന് ഞങ്ങൾക്കു നേരെ അമ്പെയ്യാൻ തുടങ്ങി.

''അപ്പോഴും അല്ലാഹുവിന്റെ തിരുദൂതർ തന്റെ സ്ഥാനത്തുനിന്ന് നീങ്ങിയില്ല. അവിടുന്ന് തന്റെ വെളുത്ത കോവർ കഴുതപ്പുറത്ത് ഇരിക്കുന്നതും അബൂ സുഫ്യാൻ ബിൻ ഹാരിസ് ബിൻ അബ്ദുൽ മുത്തലിബ് അതിന്റെ കടിഞ്ഞാൺ പിടിച്ചിരിക്കുന്നതും ഞാൻ കണ്ടു. ആ സമയത്ത് തിരുനബി ﷺ താഴെപ്പറയുന്ന ഈരടി ചൊല്ലുകയായിരുന്നു:

أَنَا النَّبِيُّ لَا كَذِبْ
أَنَا ابْنُ عَبْدِ الْمُطَّلِبْ

'ഞാൻ ആ പ്രവാചകനാണ്; എന്റെ ആഗമനത്തെക്കുറിച്ച് അറിയിക്കപ്പെട്ടിട്ടുള്ളത് സത്യമാണ്, അതിൽ യാതൊരു അസത്യവുമില്ല.

ഞാൻ അബ്ദുൽ മുത്തലിബിന്റെ പുത്രനാണ്.'''

(സ്വഹീഹുൽ ബുഖാരി, കിതാബുൽ ജിഹാദി വസ്സിയർ, ഹദീസ് 2864, വിവർത്തനം, വാല്യം 5, പേജ് 226)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഈ സംഭവത്തെക്കുറിച്ച് പരാമർശിക്കുകയും അതിന്റെ വിശദാംശങ്ങൾ വിവരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു:

''തിരുനബി ﷺ 'ഞാൻ അബ്ദുൽ മുത്തലിബിന്റെ പുത്രനാണ്' എന്ന് പറഞ്ഞപ്പോൾ അതിന്റെ അർഥം, ശത്രുക്കളുടെ ആക്രമണം അത്യന്തം ശക്തമായിരുന്ന ആ സമയത്ത്, 4,000 അമ്പെയ്ത്തുകാർ അവിടുത്തേക്ക് നേരെ അമ്പുകൾ വർഷിച്ചുകൊണ്ടിരിക്കെ, അത്തരം സാഹചര്യങ്ങളിൽ മുന്നോട്ടു നീങ്ങിയത് മനുഷ്യരുടെ കഴിവുകൾക്കതീതമായ ഒരു കാര്യമാണെന്നോ അവിടുത്തേക്ക് യാതൊരു ഭയവുമില്ലായിരുന്നെന്നോ ആയിരുന്നില്ല.

''മറിച്ച്, ഈ ഈരടി ചൊല്ലിയത് മറ്റാരും അതിൽനിന്ന് തെറ്റായ ധാരണയുണ്ടാക്കാതിരിക്കാനായിരുന്നു. തനിക്ക് എന്തെങ്കിലും ദിവ്യശക്തിയുണ്ടെന്ന് ആരും കരുതരുത്. അവിടുന്ന് കേവലം അബ്ദുൽ മുത്തലിബിന്റെ പുത്രനും ഒരു മനുഷ്യനുമായിരുന്നു. അവിടുത്തേക്ക് ലഭിച്ചിരുന്ന ഏക പിന്തുണ, ഒരു പ്രവാചകനായിരുന്നതിന്റെ അടിസ്ഥാനത്തിൽ അവിടുത്തോടൊപ്പമുണ്ടായിരുന്ന ഉന്നതനായ അല്ലാഹുവിന്റെ സഹായമായിരുന്നു.''

(ഖൗഫ് ഔർ ഉമ്മീദ് കാ ദർമിയാനി രാസ്താ, അൻവാറുൽ ഉലൂം, വാല്യം 19, പേജ് 47)

അല്ലാഹു തആലയിലുള്ള തിരുനബി ﷺയുടെ ഭരമേൽപ്പിക്കൽ ഇത്രത്തോളം ഉന്നതമായിരുന്നു: വിജയം നൽകുമെന്ന് അല്ലാഹു അവിടുത്തേക്ക് വാഗ്ദാനം ചെയ്തിരുന്നതിനാൽ, അമ്പുകൾ വർഷിച്ചുകൊണ്ടിരുന്ന ആ സാഹചര്യത്തിൽപ്പോലും അല്ലാഹു അവിടുത്തേക്ക് വിജയം നൽകി.

അല്ലാഹു തആലായിലുള്ള ഭരമേൽപ്പിക്കലിന്റെയും അവന്റെ വാഗ്ദാനങ്ങളിലുള്ള ദൃഢവിശ്വാസത്തിന്റെയും മറ്റൊരു ഉദാഹരണം താഴെപ്പറയുന്ന സംഭവത്തിൽ കാണാം. തുടക്കത്തിലെ സംഭവങ്ങൾ മുതൽ അവസാനത്തോടടുത്ത സംഭവങ്ങൾ വരെ പരിശോധിക്കുമ്പോൾ, അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലിന്റെ അതേ ആത്മാവ് പ്രകടമാകുന്നതായി നമുക്ക് കാണാം. തൊട്ടുമുമ്പ് പരാമർശിച്ച സംഭവം ഹുനൈൻ യുദ്ധവുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ഈ സംഭവം ആദ്യത്തെ യുദ്ധമായ ബദ്ർ യുദ്ധവുമായി ബന്ധപ്പെട്ടതാണ്.

മദീനയിൽ ഹബീബ് ബിൻ യസാഫ് എന്ന പേരിൽ അതീവ ശക്തനും ധീരനുമായ ഒരാളുണ്ടായിരുന്നു. അക്കാലത്ത് മുസ്ലിംകൾ വളരെ ദുർബലമായ അവസ്ഥയിലായിരുന്നു. ഈ വ്യക്തി ഖസ്റജ് ഗോത്രത്തിൽപ്പെട്ടയാളായിരുന്നു. ബദ്ർ യുദ്ധ സമയത്തും അദ്ദേഹം ഇസ്ലാം സ്വീകരിച്ചിരുന്നില്ല. എന്നിരുന്നാലും, യുദ്ധത്തിൽ വിജയിച്ചാൽ യുദ്ധ മുതലിൽ നിന്ന് ഒരു വിഹിതം ലഭിക്കുമെന്ന പ്രതീക്ഷയിൽ അദ്ദേഹം തന്റെ ഗോത്രമായ ഖസ്റജുകാരോടൊപ്പം യുദ്ധത്തിനായി പുറപ്പെട്ടു.

അദ്ദേഹവും യുദ്ധത്തിൽ തങ്ങളോടൊപ്പം ചേരുന്നതിൽ മുസ്ലിംകൾക്ക് വളരെ സന്തോഷമുണ്ടായിരുന്നു. എന്നാൽ തിരുനബി ﷺ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു:

''ഞങ്ങളുടെ വിശ്വാസം പിന്തുടരുന്നവൻ മാത്രമേ ഞങ്ങളോടൊപ്പം യുദ്ധത്തിന് പുറപ്പെടുകയുള്ളൂ.''

മറ്റൊരു നിവേദനമനുസരിച്ച് തിരുനബി ﷺ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു:

''നീ മടങ്ങിപ്പോകുക. ഒരു ബഹുദൈവാരാധകന്റെ സഹായം സ്വീകരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല.''

ഹബീബ് ബിൻ യസാഫ് രണ്ടാമതും തിരുനബി ﷺയുടെ അടുത്തെത്തി. എന്നാൽ അവിടുന്ന് വീണ്ടും അദ്ദേഹത്തെ മടക്കിയയച്ചു. മൂന്നാമതും അദ്ദേഹം വന്നപ്പോൾ തിരുനബി ﷺ ചോദിച്ചു:

''നീ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നുണ്ടോ?''

അദ്ദേഹം അതെ എന്ന് മറുപടി നൽകി. തുടർന്ന് അദ്ദേഹം ഇസ്ലാം സ്വീകരിക്കുകയും അതീവ ധീരതയോടെ യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തു.

(അസ്സീറത്തുൽ ഹലബിയ്യ, വാല്യം 2, ദാറുൽ കുതുബിൽ ഇൽമിയ്യ, ബെയ്റൂത്ത്, 2002, പേജ് 204)

അങ്ങനെ, പ്രതികൂല സാഹചര്യങ്ങളും സഹായത്തിന്റെ അത്യാവശ്യവും ഉണ്ടായിരുന്നിട്ടും, ആ വ്യക്തി അവിശ്വാസിയായിരുന്നപ്പോൾ തിരുനബി ﷺ അദ്ദേഹത്തിന്റെ സഹായം സ്വീകരിച്ചില്ല. കാരണം, മറ്റൊരാളിൽ നിന്ന് അത്തരത്തിൽ സഹായം തേടുന്നത് അല്ലാഹു തആലായുടെ വാഗ്ദാനങ്ങളിലുള്ള വിശ്വാസത്തിനും അവനിലുള്ള ഭരമേൽപ്പിക്കലിനും വിരുദ്ധമാകുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പ്രസ്താവിക്കുന്നു:

''ഇക്കാലത്തെ വിവേകികളെന്ന് കരുതപ്പെടുന്നവരുടെ അഭിപ്രായത്തിൽ ഒരാളെ ശത്രുവാക്കുന്നത് ഒരു തെറ്റാണ്. എന്നാൽ സത്യം അന്വേഷിച്ചാൽ, ഇത് ദൈവികതയുടെ തെളിവുകൂടിയാണ്. അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന പ്രാർഥനയോടെ തിരുനബി ﷺ ആരെയും ഭയപ്പെട്ടിരുന്നില്ല. മറിച്ച്, അവിടുന്ന് എല്ലാവരെയും തന്റെ ശത്രുക്കളാക്കി. (അവിടുന്ന് സത്യം പറയുകയും ആളുകൾ അത് അംഗീകരിക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്തതിനാൽ, സ്വാഭാവികമായും അവർ അവിടുത്തെ എതിർക്കുമായിരുന്നു.) ഇവരുടെ അഭിപ്രായത്തിൽ - അല്ലാഹു കാത്തുരക്ഷിക്കട്ടെ - അവിടുന്ന് ഒരു തെറ്റ് ചെയ്തു. എന്നാൽ അല്ലാഹുവിനു വേണ്ടി മാത്രം ശത്രുക്കളെ സൃഷ്ടിക്കുക എന്നത് അവിടുത്തെ സത്യസന്ധതയുടെ വ്യക്തമായ തെളിവാണ്. അതിലൂടെ അവിടുത്തെ വിശ്വാസത്തിന്റെ ശക്തി മനസ്സിലാക്കാൻ കഴിയും ''

''ഒരു വശത്ത് മസീഹിനെ(അ) നോക്കുക. സുവിശേഷങ്ങളിൽ കാണപ്പെടുന്ന അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ പരിശോധിച്ചാൽ (ചിലർ മസീഹിനെ(അ) വിമർശിച്ചതെന്തിനാ

ണെന്ന് ചോദിക്കുന്നു. എന്നാൽ സു വിശേഷങ്ങളിൽ കാണുന്ന അധ്യാപനങ്ങളെ പരാമർശിച്ചുകൊണ്ടാണ് താൻ ഇക്കാര്യം പറയുന്നതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമാക്കുന്നു.) ആരെയും വേദനിപ്പിക്കുക എന്നത് അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നില്ലെന്ന് വ്യക്തമാകും.

''തൗറാത്തിലെ ഒരു അക്ഷരം പോലും മാറ്റാനല്ല ഞാൻ വന്നിരിക്കുന്നതെന്ന് ജൂതന്മാരോട് പറയപ്പെട്ടു. എന്നാൽ ഇതിന് വിപരീതമായി, അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന പ്രാർഥനയോടെ തിരുനബിﷺയുടെ അധ്യാപനങ്ങൾ പരിശോധിച്ചാൽ, ഭൂമിയിലെ ഒരു വിഭാഗത്തെയോ മതത്തെയോ പോലും ഇസ്ലാമിലേക്ക് ക്ഷണിക്കാതെയും അവരുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കാതെയും വിട്ടിട്ടില്ലെന്ന് കാണാം. (അതോടൊപ്പം, താൻ വിജയിക്കുകയും വിജയം വരിക്കുകയും ചെയ്യുമെന്ന് അവിടുന്ന് പ്രഖ്യാപിക്കുകയും ചെയ്തു.)

''അവിടുന്ന് അവരുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും അവരെ വെല്ലുവിളിക്കുകയും മാത്രമല്ല ചെയ്തത്. സർവശക്തനായ അല്ലാഹുവിലുള്ള തന്റെ അത്യുന്നതമായ ഭരമേൽപ്പിക്കലിന്റെയും ദൃഢവിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ, അല്ലാഹുവിന്റെ ഇച്ഛയാൽ താൻ വിജയിക്കുമെന്നും താൻ അവന്റെ അടുക്കൽനിന്ന് വന്നിരിക്കുന്നുവെന്നും അവിടുന്ന് പ്രഖ്യാപിച്ചു.

''അതിനാൽ എന്നോട് പറയുക: അല്ലാഹുവിലുള്ള പൂർണമായ ഭരമേൽപ്പിക്കലും വിശ്വാസവും ഇല്ലാതെ ഒരാൾക്ക് ഇത്തരത്തിൽ പ്രവർത്തിക്കാൻ എങ്ങനെ കഴിയും?''

(മൽഫൂസാത്ത്, 2022, വാല്യം 7, പേജ് 39)

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ وَّبَارِكْ وَسَلِّمْ اِنَّكَ حَمِيْدٌ مَّجِيْدٌ۔

അർഥം: അല്ലാഹുവേ! മുഹമ്മദിനേലും മുഹമ്മദിന്റെ കുടുംബത്തിനേലും നിന്റെ അനുഗ്രഹങ്ങൾ വർഷിക്കേണമേ. അവരെ അനുഗ്രഹിക്കുകയും അവർക്ക് സമാധാനം നൽകുകയും ചെയ്യേണമേ. തീർച്ചയായും നീ സ്തുത്യർഹനും മഹത്ത്വപൂർണനുമാകുന്നു.

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
The Weekly BADR Qadian (Malayalam)
www.akhbarbadr.in

പേജ് 2 ൽ നിന്ന്

ഈ ഗുണങ്ങളെല്ലാം നമ്മിൽ ഉണ്ടാകുമ്പോൾ മാത്രമേ യഥാർഥ അഹ്മദികളെന്നും യഥാർഥ അൻസാറുകളെന്നും വിളിക്കപ്പെടാൻ നമുക്ക് കഴിയുകയുള്ളൂ.

അതായത്, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ സന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കുകയും നമ്മുടെ തലമുറകളെ ഈ മാർഗത്തിൽ വളർത്തുകയും ചെയ്യുന്ന യഥാർഥ സഹായികളായിരിക്കണം നാം.

അല്ലാഹുവിനോടുള്ള കടമകളും യഥാർഥ ആരാധനയും

അല്ലാഹുവിനോടുള്ള ഏറ്റവും വലിയ കടമ അവനെ ആരാധിക്കുക എന്നതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയിട്ടുണ്ട്.

ഈ ആരാധന വ്യക്തിപരമായ എന്തെങ്കിലും ലക്ഷ്യം നേടുന്നതിനോ നേട്ടങ്ങൾ ലഭിക്കുന്നതിനോ വേണ്ടിയാകരുത്. നരകത്തെക്കുറിച്ചുള്ള ഭയമോ സ്വർഗത്തിൽ പ്രവേശിക്കാനുള്ള പ്രതീക്ഷയോ ഇല്ലായിരുന്നെങ്കിൽ പോലും അല്ലാഹുവിനെ ആരാധിക്കേണ്ടതായിരുന്നു.

മറിച്ച്, സ്രഷ്ടാവിനോട് ഒരു സൃഷ്ടിക്കുണ്ടായിരിക്കേണ്ട അഗാധമായ സ്നേഹത്തോടെയായിരിക്കണം അവനെ ആരാധിക്കേണ്ടത്.

ഈ വിഷയത്തിൽ നാം നമ്മെത്തന്നെ വിലയിരുത്തുകയാണെങ്കിൽ, നമ്മിൽ വലിയ കുറവുണ്ടെന്ന് കാണാൻ കഴിയും. നമ്മുടെ ആരാധന ഈ നിലവാരത്തിൽ എത്തിയിട്ടില്ല.

മുഴുവൻ മനുഷ്യരോടുമുള്ള സഹാനുഭൂതി

മനുഷ്യരോട് സഹാനുഭൂതി കാണിക്കുക എന്നതും ഒരു അഹ്മദിയുടെ കടമയാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയിട്ടുണ്ട്.

''എല്ലാവരോടും സ്നേഹം, ആരോടും വിദ്വേഷമില്ല'' എന്ന മുദ്രാവാക്യം നാം ഉയർത്തുന്നുണ്ടെങ്കിൽ, ശത്രുവിനോടുപോലും നമ്മുടെ ഹൃദയത്തിൽ ശത്രുതയുണ്ടാകരുത് എന്ന ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ ഉപദേശം നാം പാലിക്കണം.

നമ്മുടെ ശത്രുക്കൾക്കുവേണ്ടി പ്രാർഥിക്കുകയും അവരെ സന്മാർഗത്തിലേക്ക് നയിക്കുന്നതിനായി പരിശ്രമിക്കുകയും വേണം. അപ്പോൾ മാത്രമേ മനുഷ്യരോടുള്ള ഈ സഹാനുഭൂതി വിദ്വേഷം ഇല്ലാതാക്കുന്നതിനുള്ള മാർഗമായി മാറുകയുള്ളൂ.

അല്ലാഹു തആലാ പറയുന്നു: ''നിങ്ങൾ എന്നോട് പ്രാർഥിക്കുക; ഞാൻ നിങ്ങളുടെ പ്രാർഥനയ്ക്ക് ഉത്തരം നൽകും.''

ശത്രുവിനുവേണ്ടി പ്രാർഥിച്ചാൽ അത് സ്വീകരിക്കുകയില്ലെന്ന് അല്ലാഹു പറഞ്ഞിട്ടില്ല. ശത്രുവിനുവേണ്ടി പ്രാർഥിക്കുക എന്നതുതന്നെ സുന്നത്തിന്റെ ഭാഗമാണ്. ഹദ്റത്ത് ഉമർ(റ) നു വേണ്ടി തിരുനബിﷺ നടത്തിയ പ്രാർഥന ഇതിന് ഉദാഹരണമാണ്.

നമുക്ക് ആരോടും വ്യക്തിപരമായ ശത്രുതയില്ല. എല്ലാവർക്കു വേണ്ടിയും നാം പ്രാർഥിക്കണം. ഓരോ വ്യക്തിയെയും അല്ലാഹു സന്മാർഗത്തിലേക്ക് നയിക്കണമെന്നായിരിക്കണം നമ്മുടെ പ്രാർഥന. ഈ ചിന്തയോടെയായിരിക്കണം നാം തബ്ലീഗ് നടത്തേണ്ടത്. അപ്പോൾ മാത്രമേ നമ്മുടെ പരിശ്രമങ്ങളിൽ അനുഗ്രഹമുണ്ടാകുകയും പുതിയ വഴികൾ തുറക്കപ്പെടുകയും ചെയ്യുകയുള്ളൂ.

അല്ലാഹുവിന്റെ ഗുണങ്ങൾ ജീവിതത്തിൽ പ്രതിഫലിപ്പിക്കുക

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയിട്ടുണ്ട്: നാം അദ്ദേഹവുമായി ബന്ധം നിലനിർത്തുന്നുവെങ്കിൽ, അല്ലാഹു തആലാ ഇപ്രകാരം പറയുന്ന ഒരു ജനതയായി നാം മാറണം: ഇവരുമായി സഹവസിക്കുന്ന ഒരാൾക്കും ദൗർഭാഗ്യം സംഭവിക്കുകയില്ല.

''അല്ലാഹുവിന്റെ ഗുണങ്ങൾ സ്വീകരിക്കുക'' എന്ന കൽപ്പനയിലൂടെ പ്രകടമാകുന്ന അധ്യാപനത്തിന്റെ സംഗ്രഹമാണിത്.

നമ്മുടെ സൽകർമങ്ങൾ മറ്റുള്ളവരിൽ എത്രത്തോളം സ്വാധീനം ചെലുത്തുന്നുണ്ടെന്ന് നാം എപ്പോഴും വിലയിരുത്തണം.

പരിശുദ്ധ ഖുർആൻ പഠിക്കുക പ്രാവർത്തികമാക്കുക

പരിശുദ്ധ ഖുർആനിലെ അധ്യാപനങ്ങൾ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കണമെന്നും അത് ആവർത്തിച്ച് പാരായണം ചെയ്യണമെന്നും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം നിർദേശിച്ചിട്ടുണ്ട്.

ഖുർആനിലെ കൽപ്പനകൾ മനസ്സിലാക്കി സ്വന്തം ജീവിതത്തിൽ അവ നടപ്പിലാക്കണം.

വിശേഷിച്ച് അൻസാർ പരിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിലും അതിന്റെ പരിഭാഷ പഠിക്കുന്നതിലും വ്യാഖ്യാനം വായിക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കണം. അങ്ങനെ അതിനെക്കുറിച്ച് പരമാവധി അറിവ് നേടാൻ നമുക്ക് സാധിക്കും.

എല്ലാത്തരം മാർഗദർശനങ്ങളും ഖുർആനിൽ നമുക്ക് കണ്ടെത്താൻ കഴിയും. ഈ അധ്യാപനം മറ്റുള്ളവരിലേക്കും എത്തിക്കേണ്ടതാണ്.

ഇസ്ലാം അഹ്മദിയ്യത്തിന്റെ മഹത്തായ ഗുണങ്ങൾ പ്രകടമാക്കുക

ജനങ്ങളുടെ മുമ്പിൽ ഇസ്ലാം അഹ്മദിയ്യത്തിന്റെ മഹത്തായ ഗുണങ്ങൾ നാം പ്രകടമാക്കണം.

ഇതിലൂടെ ഇസ്ലാം ചിലർ മനസ്സിലാക്കുന്നതുപോലെയുള്ള മതമല്ലെന്ന് വ്യക്തമാകും. മറിച്ച്, മനുഷ്യനെ ദൈവസാമീപ്യത്തിലേക്ക് ആകർഷിക്കുകയും അവന്റെ ആരാധനയിലേക്ക് ശ്രദ്ധ തിരിക്കുകയും സൃഷ്ടികളോടുള്ള അവകാശങ്ങൾ നിറവേറ്റാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന മതമാണ് ഇസ്ലാം.

വിവിധ സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ ഇസ്ലാം നൽകുന്നു. അനാഥരുടെ സംരക്ഷണത്തിനും അവരുടെ അവകാശങ്ങൾ നിറവേറ്റുന്നതിനും ദരിദ്രരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഇസ്ലാം പ്രത്യേകമായി ശ്രദ്ധ ക്ഷണിക്കുന്നു.

അറിവിലൂടെ സംശയങ്ങൾ ദൂരീകരിക്കുക

ഇക്കാലത്ത് ചില യുവാക്കളുടെ മനസ്സിൽ സംശയങ്ങൾ ഉടലെടുക്കാറുണ്ട്. എന്നാൽ ഒരാൾക്ക് പൂർണമായ അറിവുണ്ടെങ്കിൽ ഇത്തരം സംശയങ്ങൾ ദൂരീകരിക്കാൻ സാധിക്കും.

അതിനാൽ നാം സത്യത്തിന്റെ പക്ഷത്താണ് നിൽക്കുന്നതെന്നും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ അവകാശവാദം തീർച്ചയായും സത്യമാണെന്നും ഉറച്ച വിശ്വാസം പുലർത്തണമെന്ന് അദ്ദേഹം നിർദേശിക്കുന്നു.

അദ്ദേഹത്തിന്റെ അവകാശവാദം തിരുനബിﷺയുടെ പ്രവചനങ്ങൾക്കും പരിശുദ്ധ ഖുർആനിൽ അല്ലാഹു തആലാ വ്യക്തമാക്കിയ കാര്യങ്ങൾക്കും അനുസ്യൂതമാണ്.

നാം പരിശുദ്ധ ഖുർആൻ പഠിക്കുമ്പോൾ കൂടുതൽ കൂടുതൽ തെളിവുകളും ന്യായങ്ങളും നമ്മുടെ മുമ്പിൽ വന്നുകൊണ്ടിരിക്കും.


നമസ്കാരം അർഥം മനസ്സിലാക്കി നിർവഹിക്കുക

തിരുനബിﷺ നിർവഹിച്ചിരുന്ന രീതിയിൽ നമസ്കാരം നിർവഹിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം നിർദേശിച്ചിട്ടുണ്ട്.

ഒരിക്കൽ തിരുനബിﷺ ഒരു സ്വഹാബിയോട് നമസ്കാരം വീണ്ടും നിർവഹിക്കാൻ നാല് തവണ നിർദേശിച്ചു.

അതുപോലെ നാമും ശാന്തതയോടെ

• ഹദീഥുന്നബ്വിﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ

SERA SPORTS, P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്വിﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന്
ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ

P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

യും അർഥം മനസ്സിലാക്കിക്കൊണ്ടും നമസ്കാരം നിർവഹിക്കണം. അല്ലാഹു തആലായുടെ മുമ്പിൽ പ്രാർഥിക്കുകയും വേണം.

സുന്നത്തിൽനിന്ന് നിർദേശിക്കപ്പെട്ട പ്രാർഥനകൾ ഒഴികെയുള്ള നമ്മുടെ പ്രാർഥനകൾ സ്വന്തം ഭാഷയിൽ നിർവഹിക്കേണ്ടതാണ്.

സൂറത്തുൽ ഫാതിഹയെക്കുറിച്ച് ചിന്തിക്കുക

സൂറത്തുൽ ഫാതിഹ വളരെ ശ്രദ്ധയോടെയും ഏറ്റവും ഉത്തമമായ രീതിയിലും പാരായണം ചെയ്യണമെന്നും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം നിർദേശിച്ചിട്ടുണ്ട്.

പ്രാർഥിക്കേണ്ട രീതി അല്ലാഹു തആലാ ഈ അധ്യായത്തിലൂടെ നമ്മെ പഠിപ്പിച്ചിരിക്കുന്നു. പരിശുദ്ധ ഖുർആനിന്റെ തുടക്കത്തിൽത്തന്നെ ഈ പ്രാർഥന ഉൾപ്പെടുത്തിയിരിക്കുന്നു.

നമസ്കാരത്തിൽ സൂറത്തുൽ ഫാതിഹ പാരായണം ചെയ്യുക നിർബന്ധമാണ്. പ്രാർഥനയുടെ സത്ത നമസ്കാരത്തിൽത്തന്നെയാണ് അടങ്ങിയിരിക്കുന്നത്.

മനുഷ്യരോടുള്ള അവകാശങ്ങളും അല്ലാഹു തആലായോടുള്ള അവകാശങ്ങളും നിറവേറ്റിയശേഷം നാം ഇപ്രകാരം പ്രാർഥിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയിട്ടുണ്ട്:

''നിന്നെ മാത്രമാണ് ഞങ്ങൾ ആരാധിക്കുന്നത്. നിന്നോട് മാത്രമാണ് ഞങ്ങൾ സഹായം തേടുന്നത്. ഞങ്ങളെ നേർവഴിയിൽ നയിക്കണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ.''

അല്ലാഹു അനുഗ്രഹിച്ചവരുടെ മാർഗം നാം പിന്തുടരണം. അവൻ അനുഗ്രഹിച്ച സത്യസന്ധരുടെയും രക്തസാക്ഷികളുടെയും മാർഗങ്ങളും അതിൽ ഉൾപ്പെടുന്നു.

പ്രവാചകന്മാരുടെ മാതൃക പിന്തുടരാനാണ് അല്ലാഹു തആലാ നമ്മോട് നിർദേശിച്ചിരിക്കുന്നത്. അവരിൽ ഏറ്റവും മഹത്തായ മാതൃക തിരുനബി മുഹമ്മദ് ﷺ യുടേതാണ്.

ആത്മീയ ഉറവയിൽനിന്ന് പ്രയോജനം നേടുക

നമുക്ക് നേടേണ്ടതെല്ലാം നേടിക്കഴിഞ്ഞുവെന്ന് കരുതി അഹങ്കരിക്കുകയോ സംതൃപ്തരായി ഇരിക്കുകയോ ചെയ്യരുതെന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയിട്ടുണ്ട്.

നാശത്തിൽനിന്ന് നമ്മെ രക്ഷിക്കുന്ന ജലസ്രോതസ്സിന് സമീപമാണ് നിങ്ങൾ എത്തിയിരിക്കുന്നത്. എന്നാൽ അതിൽനിന്ന് വെള്ളം കുടിക്കാൻ അല്ലാഹു തആലായുടെ അനുഗ്രഹം ആവശ്യമാണ്.

അതിനാൽ ആ ജലത്തിൽനിന്ന് കുടിക്കാൻ അല്ലാഹു നമ്മെ പ്രാപ്തരാക്കണമെന്ന പ്രാർഥനയോടെ അവന്റെ അനുഗ്രഹം തേടണം. അതിനായി അല്ലാഹുവിനോടുള്ള അവകാശങ്ങളും അവന്റെ സൃഷ്ടികളോടുള്ള അവകാശങ്ങളും നിറവേറ്റണം.

ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിനെ അയച്ചുകൊണ്ട് അല്ലാഹു തആലാ നമുക്ക് ഈ അവസരം നൽകിയിരിക്കുന്നു. ഈ അവസരത്തിൽനിന്ന് നാം പ്രയോജനം നേടണം. സ്വന്തം പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുന്നവർക്ക് മാത്രമേ ഇതിൽനിന്ന് യഥാർഥ പ്രയോജനം ലഭിക്കുകയുള്ളൂ.

അറിവിലൂടെയും പ്രാർഥനയിലൂടെയും വിശ്വാസം ശക്തിപ്പെടുത്തുക

നിരവധി ആളുകൾ ജമാഅത്തിലേക്ക് കടന്നുവരികയും പിന്നീട് ക്രമേണ അകന്നുപോയി ജമാഅത്ത് ഉപേക്ഷിക്കുകയും ചെയ്യുന്നു.

അല്ലാഹു തആലായോട് പ്രാർഥിക്കാത്തതും യഥാർഥ വിശ്വാസത്തെ മനസ്സിലാക്കാത്തതും അതിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പഠിക്കാത്തതും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ സന്ദേശം ശരിയായി മനസ്സിലാക്കാത്തതുമാണ് ഇതിന് കാരണം. അവർ ജമാഅത്തിലേക്ക് വരുന്നു, കാര്യങ്ങൾ നിരീക്ഷിക്കുന്നു. എന്നാൽ തങ്ങൾക്ക് വ്യക്തിപരമായ എന്തെങ്കിലും നേട്ടം ലഭിക്കുന്നില്ലെന്ന് തോന്നുമ്പോൾ ജമാഅത്ത് ഉപേക്ഷിച്ച് പോകുന്നു.

യഥാർഥത്തിൽ പ്രയോജനം നേടുന്ന വ്യക്തി ഈ വിഷയങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവ മനസ്സിലാക്കുകയും തന്റെ വിശ്വാസം ശക്തിപ്പെടുത്തുകയും അല്ലാഹുവിന്റെ സഹായം തേടുകയും ഈ ലോകത്തിലെ താൽക്കാലിക പ്രയാസങ്ങൾ ക്ഷമയോടെ സഹിക്കുകയും ചെയ്യുന്നവനായിരിക്കും.

ഈ ആത്മീയ ഉറവയിൽനിന്ന് കുടിക്കുന്ന ഒരാൾക്കും നാശം സംഭവിക്കുകയില്ലെന്ന് തനിക്ക് ഉറപ്പുണ്ടെന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയിട്ടുണ്ട്. കാരണം, അത് ജീവൻ നൽകുന്ന ഉറവയാണ്.

അല്ലാഹുവിന്റെ ഏകത്വം

വിശ്വാസപ്രഖ്യാപനത്തിൽ നാം ഉറപ്പിക്കുന്നതുപോലെ അല്ലാഹു ഏകനാണെന്നും അവന് യാതൊരു പങ്കാളിയുമില്ലെന്നും വിശ്വസിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയിട്ടുണ്ട്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അല്ലാഹു തആലായല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരുമില്ല. അവന് യാതൊരു പങ്കാളിയുമില്ല.

യഹൂദർക്കും ക്രിസ്ത്യാനികൾക്കും ബഹുദൈവവിശ്വാസികൾക്കും വിഗ്രഹാരാധകർക്കും ഈ മനോഹരമായ വചനം പഠിപ്പിക്കുകയും അവർ അത് ശരിയായി മനസ്സിലാക്കുകയും ചെയ്തിരുന്നെങ്കിൽ അവർ ഒരിക്കലും വഴിതെറ്റുകയോ നശിക്കുകയോ ചെയ്യുമായിരുന്നില്ല.

അല്ലാഹുവിനോട് ആരെയും പങ്കുചേർക്കരുത്. അവനോടുള്ള ആരാധനയുടെ അവകാശം നിറവേറ്റുകയും അവന്റെ മുമ്പിൽ വിനയാന്വിതരായി നമിക്കുകയും അവന്റെ അവകാശങ്ങൾ പാലിക്കുകയും വേണം.

അല്ലാഹുവിനോടുള്ള സ്നേഹത്തിന് പ്രഥമസ്ഥാനം നൽകുക

മാതാപിതാക്കൾ, ഭാര്യ, മക്കൾ, സ്വന്തം വ്യക്തിത്വം തുടങ്ങി എല്ലാറ്റിനേക്കാളും അല്ലാഹു തആലായോടുള്ള സ്നേഹത്തിന് പ്രഥമസ്ഥാനം നൽകണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയിട്ടുണ്ട്.

ഇക്കാരണത്താലാണ് പരിശുദ്ധ ഖുർആനിൽ അല്ലാഹു തആലാ, നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ സ്മരിക്കുന്നതുപോലെ അല്ലാഹുവിനെയും സ്മരിക്കണമെന്നും അതിനേക്കാൾ കൂടുതൽ തീവ്രമായ സ്നേഹത്തോടെ അവനെ സ്മരിക്കണമെന്നും നിർദേശിച്ചിരിക്കുന്നത്. അല്ലാഹു തആലായുടെ ഗുണവിശേഷങ്ങൾ യഥാർഥത്തിൽ തിരിച്ചറിയുകയാണെങ്കിൽ അവനോട് പങ്കു ചേർക്കുന്നതിൽനിന്ന് നാം സ്വയം സംരക്ഷിക്കപ്പെടുകയും അവനിലേക്ക് കൂടുതൽ അടുക്കുകയും ചെയ്യും.

ആത്മീയമായി വ്യത്യസ്തരായിത്തീരുക

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ ജമാഅത്തിൽ പ്രവേശിച്ചതിനുശേഷം ഒരാൾ തികച്ചും വ്യത്യസ്തനായ വ്യക്തിയായി മാറുകയും മറ്റുള്ളവരിൽനിന്ന് വേറിട്ട സ്വഭാവവിശേഷങ്ങൾ കൈവരിക്കുകയും വേണമെന്ന് അദ്ദേഹം അരുളിയിട്ടുണ്ട്.

അല്ലാഹുവിൽ ഉറച്ച ബന്ധമുള്ള ഒരാൾക്ക് മറ്റാരുടെയും ആവശ്യമുണ്ടാകുകയില്ല. കഠിനമായ സാഹചര്യങ്ങൾക്ക് അത്തരമൊരു വ്യക്തിയെ കീഴടക്കാൻ കഴിയില്ല.

അല്ലാഹുവാണ് ഒരാളുടെ സുഹൃത്തും സഹായിയുമെങ്കിൽ ലോകം മുഴുവൻ അയാളുടെ ശത്രുവായിത്തീർന്നാലും അതിൽ യാതൊരു പ്രശ്നവുമില്ല.

ഒരു വിശ്വാസിക്ക് പ്രയാസങ്ങൾ നേരിടേണ്ടിവന്നാലും അയാൾ ഒരിക്കലും ദു:ഖത്തിന് പൂർണമായി കീഴടങ്ങുകയില്ല. കാരണം, ഒരു മാതാവ് തന്റെ കുഞ്ഞിനെ മടിയിൽ ചേർത്തുപിടിക്കുന്നതുപോലെ അല്ലാഹുവിന്റെ മലക്കുകൾ അത്തരമൊരു വ്യക്തിയെ തങ്ങളുടെ സംരക്ഷണത്തിൽ ഏറ്റെടുക്കുന്നു.

ഹൃദയത്തെ ശുദ്ധീകരിക്കുക

നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയിട്ടുണ്ട്.

നാം ഹൃദയങ്ങളെ ശുദ്ധീകരിക്കുകയാണെങ്കിൽ, ഇന്നത്തെ ലോകത്തിന്റെ സാഹചര്യങ്ങളിൽ അല്ലാഹു തആലാ നമ്മെ സംരക്ഷിക്കുകയും അവന്റെ മലക്കുകൾ നമ്മെ തങ്ങളുടെ സംരക്ഷണത്തിൽ ഏറ്റെടുക്കുകയും ചെയ്യും.

ഇന്നത്തെ ലോകത്തിന്റെ അവസ്ഥ നമ്മുടെ മുമ്പിലുണ്ട്. ലോകം നാശത്തിലേക്ക് നീങ്ങുന്നതും അതീവ ഗുരുതരമായ ഒരു ദുരന്തം അടുത്തുവരുന്നതും നമുക്ക് കാണാൻ കഴിയും.

എന്നാൽ ലോകം ഇതിന്റെ ഗൗരവം മനസ്സിലാക്കുന്നില്ല. വലിയ രാഷ്ട്രങ്ങൾ യുദ്ധം ചെയ്ത് വിജയിച്ചാൽ അത് തങ്ങൾക്ക് പ്രയോജനകരമാകുമെന്ന് നിശ്ശബ്ദമായി കരുതുന്നു. എന്നാൽ അത്തരമൊരു യുദ്ധം സംഭവിച്ചാൽ ആ രാഷ്ട്രങ്ങൾതന്നെ നശിച്ചുപോകുമെന്ന് അവർ തിരിച്ചറിയുന്നില്ല.

ലോകത്തിന്റെ രക്ഷയ്ക്കായി ദൈവത്തിലേക്ക് തിരിയുക

അഹ്മദികൾക്ക് സ്വയം രക്ഷിക്കപ്പെടണമെന്നുണ്ടെങ്കിലും ലോകത്തെ രക്ഷിക്കണമെന്നുണ്ടെങ്കിലും അല്ലാഹു തആലായുമായി ബന്ധം സ്ഥാപിക്കുകയും ജനങ്ങളെ അവനെക്കുറിച്ച് ബോധവാന്മാരാക്കുകയും വേണം.

മനുഷ്യരുടെ തെറ്റുകൾ മൂലമോ യുദ്ധങ്ങൾ മൂലമോ അല്ലാഹുവിന്റെ ശിക്ഷയാലോ ഉണ്ടാകാവുന്ന നാശത്തിൽനിന്ന് ലോകത്തെ രക്ഷിക്കണമെങ്കിൽ ഏക രക്ഷാമാർഗം ദൈവത്തിലേക്ക് തിരിയുക എന്നതാണ്.

അല്ലാഹുവിന്റെ അവകാശങ്ങൾ നിറവേറ്റുകയും അവന്റെ സൃഷ്ടികളോടുള്ള അവകാശങ്ങൾ പാലിക്കുകയും സദ്വൃത്തിയിൽ മുന്നേറുകയും നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ ഒരു സമൂഹം സ്ഥാപിക്കുകയും വേണം.

ബൈഅത്തിന്റെ ലക്ഷ്യം യാഥാർഥ്യമാക്കുക

ഈ ലക്ഷ്യം നേടുന്നതിനായി നാം പരിശ്രമിക്കുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തണം.

നാം ബൈഅത്ത് ചെയ്തതിന്റെ ലക്ഷ്യം നേടുന്നതിനായി പരിശ്രമിക്കുന്നില്ലെങ്കിൽ ആ ബൈഅത്തിന്റെ യാഥാർഥ്യം നാം മനസ്സിലാക്കിയിട്ടില്ലെന്നും അതിൽനിന്ന് പ്രയോജനം നേടാൻ നമുക്ക് കഴിയില്ലെന്നും തിരിച്ചറിയണം.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അരുളിയതുപോലെ, അത്തരമൊരു വ്യക്തിക്ക് യാതൊരു പ്രയോജനവും ലഭിക്കുകയില്ല. ഒരാൾ ആത്മീയ ഉറവയ്ക്ക് സമീപം എത്തിയിട്ടുണ്ടാകാം. എന്നാൽ അതിൽനിന്ന് പ്രയോജനം നേടാൻ അയാൾക്ക് കഴിഞ്ഞെന്നുവരില്ല.

അതിനാൽ പ്രയോജനം നേടുന്നതിനായി നമ്മുടെ പ്രവർത്തനങ്ങളെ അല്ലാഹുവിന്റെ അധ്യാപനങ്ങൾക്കും കൽപ്പനകൾക്കും തിരുനബി ﷺ യുടെ വചനങ്ങൾക്കും അനുസൃതമായി രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്.

അല്ലാഹു തആലാ നമുക്ക് അതിനുള്ള കഴിവ് നൽകുമാറാകട്ടെ. ലോകത്ത് തൗഹീദ് സ്ഥാപിക്കുകയും തിരുനബി ﷺ യുടെ പതാക ലോകമെമ്പാടും ഉയർത്തിപ്പിടിക്കുന്നതിൽ തങ്ങളുടെ പങ്ക് നിർവഹിക്കുകയും ചെയ്യുന്ന യഥാർഥ അൻസാറുല്ലാഹ് ആയിത്തീരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. (അവ: അൽഹക്കം 20/9/26)

THE REVIEW OF RELIGIONS
www.reviewofreligions.org

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

സീറത്തുൽ മഹ്ദി(അ)

വിവ: എ. നാസിർ

രോഗശമനിയായ മുഖാരവിന്ദം!

കപൂർത്തലയിലെ പരേതനായ മുൻഷി മുഹമ്മദ് അരേഡ സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിനെക്കുറിച്ച് സംസാരിക്കുമ്പോൾ പറയാറുണ്ടായിരുന്നു: ''ഞങ്ങൾ അദ്ദേഹത്തിന്റെ മുഖം കാണാൻ എത്രയേറെ ആഗ്രഹിച്ചിരുന്നുവെന്നാൽ, രോഗികളായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ മുഖം ഒന്നു കാണുന്ന മാത്രയിൽ തന്നെ ഞങ്ങൾ സുഖം പ്രാപിക്കുമായിരുന്നു.''

വിനീതൻ രേഖപ്പെടുത്തുന്നു: മുൻഷി സാഹിബ് ആദ്യകാലത്തെ ആത്മാർത്ഥരായ അനുയായികളിൽ ഒരാളായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ പ്രണയികളിൽ അദ്ദേഹത്തിന് മുൻനിരയിൽ തന്നെ സ്ഥാനം നൽകേണ്ടതാണ്.

പർദ

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്, ഖലീഫതുൽ അവ്വൽ (റളിയല്ലാഹു അൻഹു), വിവരിച്ചു:

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഒരു യാത്രയിലായിരുന്നു. അദ്ദേഹം റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ ട്രെയിൻ വരാൻ കുറച്ച് സമയ മുണ്ടായിരുന്നു. അതിനാൽ അദ്ദേഹം ഭാര്യാ സാഹിബയോടൊപ്പം സ്റ്റേഷന്റെ പ്ലാറ്റ് ഫോമിൽ നടക്കുകയായിരുന്നു. ഇത് കണ്ട മൗലവി അബ്ദുൽ കരീം സാഹിബ് - വളരെ ആത്മാഭിമാനവും ആവേശവുമുള്ള സ്വഭാവക്കാരനായിരുന്നു - എന്റെ അടുത്തേക്ക് വന്ന് പറഞ്ഞു: ''ഇവിടെ ധാരാളം ആളുകളുണ്ട്. മാത്രമല്ല, പരിചയമില്ലാത്തവരായ പലരും ഇവിടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നുണ്ട്. നിങ്ങൾ ഹദ്റത്ത് സാഹിബിനോട് പറഞ്ഞ് ഭാര്യാ സാഹിബയെ മറ്റൊരു സ്ഥലത്ത് ഇരുത്താൻ പറയണം.''

മൗലവി സാഹിബ് പറയുന്നു: ''ഞാൻ പറഞ്ഞു: 'ഞാൻ പറയില്ല. നിങ്ങൾ തന്നെ പറഞ്ഞുനോക്കൂ.' ഒടുവിൽ മൗലവി അബ്ദുൽ കരീം സാഹിബിന് തന്നെ ഹദ്റത്ത് സാഹിബിന്റെ അടുത്തേക്ക് പോകേണ്ടിവന്നു. അദ്ദേഹം പറഞ്ഞു: ''ഹുസൂർ, ഇവിടെ ധാരാളം ആളുകളുണ്ട്. ഭാര്യാ സാഹിബയെ മറ്റൊരു സ്ഥലത്ത് ഇരുത്താമായിരുന്നു.''

ഹദ്റത്ത് സാഹിബ് മറുപടി നൽകി: ''പോയിക്കോളൂ ജി! ഞാൻ അത്തരത്തിലുള്ള മറയുടെ (പർദയുടെ) പക്ഷത്തല്ല.'' മൗലവി സാഹിബ് പറയുന്നു: അതിനുശേഷം മൗലവി അബ്ദുൽ കരീം സാഹിബ് തല കുനിച്ച് എന്റെ അടുത്തേക്ക് വന്നു. ഞാൻ ചോദിച്ചു: 'മൗലവി സാഹിബേ! മറുപടി വാങ്ങിക്കൊണ്ടുവന്നോ?'

ആദരം

ഞങ്ങളുടെ ഇളയ സഹോദരൻ മുബാറക് അഹ്മദ് രോഗബാധിതനായിരുന്ന കാലത്ത്, ഒരിക്കൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെ അദ്ദേഹത്തെ കാണിക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം വീട്ടിലേക്ക് വിളിപ്പിച്ചു. ഹദ്റത്ത് സാഹിബ് വീട്ടുമുറ്റത്ത് ഒരു കട്ടിലിൽ ഇരിക്കുകയായിരുന്നു. മുറ്റത്ത് വിരിപ്പോ മറ്റേതെങ്കിലും പായയോ ഉണ്ടായിരുന്നില്ല. മൗലവി സാഹിബ് എത്തിയ ഉടൻ ഹദ്റത്ത് സാഹിബിന്റെ കട്ടിലിനരികിൽ നിലത്ത് ഇരുന്നു. ഹദ്റത്ത് സാഹിബ് പറഞ്ഞു: ''മൗലവി സാഹിബ്, കട്ടിലിൽ ഇരിക്കൂ.'' മൗലവി സാഹിബ് മറുപടി പറഞ്ഞു: ''ഹുസൂർ, ഞാൻ ഇരുന്നുകഴിഞ്ഞു.'' എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം കുറച്ചുകൂടി ഉയർന്നിരുന്ന് കട്ടിലിൽ കൈവെച്ചു. എന്നാൽ ഹദ്റത്ത് സാഹിബ് വീണ്ടും കട്ടിലിൽ ഇരിക്കാൻ ആവശ്യപ്പെട്ടു. അപ്പോൾ മൗലവി സാഹിബ് എഴുന്നേറ്റ് കട്ടിലിന്റെ ഒരു അറ്റത്ത്, കാലുകൾ വെക്കുന്ന ഭാഗത്ത് ഇരുന്നു. ഹദ്റത്ത് മൗലവി സാഹിബിൽ അനുസരണയുടെയും ആദരവിന്റെയും ഗുണം അത്യുന്നതമായിരുന്നു.

ഞാൻ സത്യവാനാണെങ്കിൽ, ആ പള്ളി നിങ്ങൾക്ക് ലഭിക്കും

ഹദ്റത്ത് ഖലീഫതുൽ മസീഹ് സാനി (അയ്യദഹുല്ലാഹു തആലാ) വിവരിച്ചു:

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ കാലത്ത് കപൂർത്തലയിലെ അഹ്മദിയ്യാ ജമാഅത്തും അനഹ്മദികളും തമ്മിൽ അവിടെയുള്ള ഒരു പള്ളിയെ സംബന്ധിച്ച് കേസ് ഉണ്ടായി. ആ കേസ് പരിഗണിച്ച ജഡ്ജി അനഹ്മദിയായിരുന്നു. മാത്രമല്ല, അദ്ദേഹം അഹ്മദികൾക്ക് എതിരായ നിലപാടാണ് സ്വീകരിച്ചിരുന്നത്. കേസിൽ അദ്ദേഹം തുടക്കം മുതൽ തന്നെ പക്ഷപാതപരമായ സമീപനം സ്വീകരിക്കാൻ തുടങ്ങി. ഈ സാഹചര്യത്തിൽ കപൂർത്തലയിലെ ജമാഅത്ത് ആശങ്കപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന് കത്തുകൾ അയയ്ക്കുകയും ദുആയ്ക്കായി അപേക്ഷിക്കുകയും ചെയ്തു. ഹദ്റത്ത് സാഹിബ് അവർക്ക് മറുപടി എഴുതി: ''*ഞാൻ സത്യവാനാണെങ്കിൽ, ആ പള്ളി നിങ്ങൾക്ക് ലഭിക്കും.*'' എന്നാൽ ജഡ്ജി തന്റെ ശത്രുതാ സമീപനം തുടർന്നു. ഒടുവിൽ അദ്ദേഹം അഹ്മദികൾക്കെതിരായ വിധി എഴുതി. വിധി പ്രഖ്യാപിക്കേണ്ട ദിവസം രാവിലെ അദ്ദേഹം വസ്ത്രം ധരിച്ച് തന്റെ ബംഗ്ലാവിന്റെ വരാന്തയിലേക്ക് വന്നു. തന്റെ ജോലിക്കാരനോട് ഷൂസ് ധരിപ്പിക്കാൻ പറഞ്ഞു. തുടർന്ന് അദ്ദേഹം ഒരു കസേരയിൽ ഇരുന്നു. ജോലിക്കാരൻ ഷൂസ് ധരിപ്പിച്ച് അതിന്റെ ചരട് കെട്ടിത്തുടങ്ങിയപ്പോൾ പെട്ടെന്ന് ഒരു ചെറിയ ശബ്ദം കേട്ടു. അയാൾ തല ഉയർത്തി നോക്കിയപ്പോൾ, തന്റെ യജമാനൻ കസേരയിൽ മുന്നോട്ടേക്ക് കുനിഞ്ഞുകിടക്കുന്നതായി കണ്ടു. അയാൾ കൈവെച്ച് നോക്കിയപ്പോൾ അദ്ദേഹം മരിച്ചുകഴിഞ്ഞിരുന്നു. ഹൃദയസ്തംഭനം മൂലം അദ്ദേഹത്തിന്റെ മരണം സംഭവിച്ചതായിരുന്നു. അദ്ദേഹത്തിന്റെ സ്ഥാനത്ത് ഒരു ഹിന്ദു ജഡ്ജിയെ വന്നു. പുതിയ ജഡ്ജി മുൻ ജഡ്ജി തയ്യാറാക്കിയ വിധി തിരുത്തി അഹ്മദികൾക്ക് അനുകൂലമായി വിധി പ്രസ്താവിച്ചു.

മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ് ഒരിക്കൽ എന്നോട് പറഞ്ഞു: ''ഞാൻ ഒരിക്കൽ കപൂർത്തലയിൽ പോയിരുന്നു. 'ഞാൻ സത്യവാനാണെങ്കിൽ, ആ പള്ളി നിങ്ങൾക്ക് ലഭിക്കും.' എന്ന ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ വാക്കുകൾ അവിടെ ജമാഅത്ത് മനോഹരമായ വലിയ അക്ഷരങ്ങളിൽ എഴുതി അതേ പള്ളിയിൽ സ്ഥാപിച്ചിരിക്കുന്നതായി കണ്ടു.''

നിവേദകൻ രേഖപ്പെടുത്തുന്നു; കപൂർത്തലയിലെ ജമാഅത്ത് വളരെ പഴക്കമുള്ള ജമാഅത്താണ്. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ ആത്മാർത്ഥരായ അനുയായികളിൽപ്പെട്ടവരാണ് അവർ. അവരുടെ കൈവശം ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ ഒരു എഴുത്ത് ഉണ്ടെന്നും, അതിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഞാൻ കേട്ടിട്ടുണ്ട്: ഈ ലോകത്ത് കപൂർത്തലയിലെ ജമാഅത്ത് എന്നെ പിന്തുണച്ചതുപോലെ, സ്വർഗത്തിലും അവർ എന്നോടൊപ്പം ഉണ്ടായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.''

മനം മാറ്റം വന്ന എതിരാളി

മൗലവി റഹീം ബഖ്ഷ് സാഹിബ് എം.എ. എന്നോട് വിവരിച്ചു:

ആളുകൾ പൊതുവെ ഖലീഫ എന്ന് വിളിച്ചിരുന്ന എന്റെ പിതാമഹൻ, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ കടുത്ത എതിരാളിയായിരുന്നു. അദ്ദേഹം ഹദ്റത്ത് സാഹിബിനെക്കുറിച്ച് വളരെ മോശമായി സംസാരിക്കുകയും എന്റെ പിതാവിനെ വളരെയധികം ബുദ്ധിമുട്ടിക്കുകയും ചെയ്യാറുണ്ടായിരുന്നു. തന്റെ പിതാവിന്റെ ഈ പെരുമാറ്റത്തിൽ മനംമടുത്ത എന്റെ പിതാവ് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന് ദുആയ്ക്കായി ഒരു കത്തെഴുതി. ഹദ്റത്ത് സാഹിബിന്റെ മറുപടി വന്നു: ''നാം ദുആ ചെയ്തിട്ടുണ്ട്.'' എന്റെ പിതാവ് ആ കത്ത് അയൽവാസികളെയെല്ലാം കാണിച്ചുകൊണ്ട് പറഞ്ഞു: ''ഹദ്റത്ത് സാഹിബ് ദുആ ചെയ്തിട്ടുണ്ട്. നോക്കിക്കോളൂ, ഖലീഫ ഇനി ചീത്ത പറയുകയില്ല.'' രണ്ടോ മൂന്നോ ദിവസങ്ങൾക്കുശേഷം വെള്ളിയാഴ്ചയായി. പതിവുപോലെ ഞങ്ങളുടെ പിതാമഹൻ അനഹ്മദികളോടൊപ്പം ജുമുഅ നമസ്കരിക്കാൻ പോയി. എന്നാൽ അവിടെനിന്ന് തിരിച്ചെത്തിയ ശേഷം, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിനെക്കുറിച്ച് അദ്ദേഹം അസാധാരണമായ മൗനം പാലിച്ചു. സാധാരണയായി ജുമുഅ നമസ്കാരം കഴിഞ്ഞ് വീട്ടിലെത്തിയാൽ ഹദ്റത്ത് സാഹിബിനെക്കുറിച്ച് വളരെ അധികം ചീത്ത പറയുന്നതായിരുന്നു അദ്ദേഹത്തിന്റെ പതിവ്. അതിനാൽ ആളുകൾ അദ്ദേഹത്തോട് ചോദിച്ചു: ''ഇന്ന് നിങ്ങൾ മിർസാ സാഹിബിനെക്കുറിച്ച് എന്തുകൊണ്ടാണ് മിണ്ടാതിരിക്കുന്നത്?'' അദ്ദേഹം പറഞ്ഞു: ''ആരെയെങ്കിലും കുറിച്ച് മോശമായി സംസാരിച്ചതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്? ഒരാൾ തന്റെ സ്ഥാനത്ത് എത്ര മോശപ്പെട്ടവനായാലും, നാം അദ്ദേഹത്തെക്കുറിച്ച് മോശമായി സംസാരിക്കരുതെന്ന് മൗലവിയും ജുമുഅയിൽ പ്രസംഗിച്ചു.'' ആളുകൾ പറഞ്ഞു: ''അത് കൊള്ളാം! നിങ്ങൾ എപ്പോഴും അദ്ദേഹത്തെക്കുറിച്ച് ചീത്ത പറയാറുണ്ടായിരുന്നല്ലോ. ഇന്ന് പെട്ടെന്ന് നിങ്ങളുടെ അഭിപ്രായം മാറിയല്ലോ!'' അവർ തുടർന്നു പറഞ്ഞു: ''യഥാർത്ഥത്തിൽ കാര്യം മറ്റൊന്നാണ്. ബാബു -എന്റെ പിതാവിനെ ആളുകൾ 'ബാബു' എന്നാണ് വിളിച്ചിരുന്നത് -ഇന്നലെ തന്നെ ഖാദിയാനിൽ നിന്ന് വന്ന ഒരു കത്ത് കാണിച്ചുകൊണ്ടിരുന്നു. ഇനി ഖലീഫ ചീത്ത പറയുകയില്ലെന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്.'' മൗലവി റഹീം ബഖ്ഷ് സാഹിബ് പറഞ്ഞു: അതിനുശേഷം, എതിരാളികൾ പലതവണ പ്രകോപിപ്പിക്കാൻ ശ്രമിച്ചിട്ടും, അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിനെക്കുറിച്ച് ഒരിക്കലും മോശമായി സംസാരിച്ചില്ല. അതുപോലെ അഹ്മദിയ്യത്തിന്റെ പേരിൽ എന്റെ പിതാവിനെ പിന്നീട് ഒരിക്കലും ബുദ്ധിമുട്ടിക്കുകയും ചെയ്തില്ല.

കുറിപ്പ്: *ഈ വിവരണത്തിന്റെ നിവേദകനായ മൗലവി റഹീം ബഖ്ഷ് സാഹിബ് പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ നിർദ്ദേശപ്രകാരം തന്റെ പേര് അബ്ദുർറഹീം എന്നാക്കി മാറ്റി. പിന്നീട് അദ്ദേഹം 'മൗലവി അബ്ദുർറഹീം സാഹിബ് ദർദ്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.*

ശേഷം പേജ് 12 ൽ

• ഹദീഥുന്നബ്വി ﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

• ഹദീഥുന്നബ്വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA`ATH KARULAI, MALAPPURAM,KERALA.

EDITOR
H.SHAMSUDDIN
Mobile : +91 99460 21252
e-mail : akhbaarbadarmalayalamqdn@gmail.com
badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-11
Issue:45

POSTAL REG NO GDP-44/2026-28 **Thursday 5 November 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

ANNUAL SUBSCRIPTION : Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം. എ

സീറത്തുന്നബി(സ)

വിവ: അബൂ സ്വബാഹ്

അധ്യായം : 2

അറേബ്യയും അറബികളും

നിവാസികൾ

2) ബനൂ ഖഹ്താൻ

വിവിധ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ, ബനൂ ഖഹ്താൻ ഹൂദ് നബി(അ)യുടെ സന്തതികളാണെന്ന് പറയപ്പെടുന്നു.

(ശർഹുൽഅല്ലാമതിസ്സർഖാനി അലൽമവാഹിബില്ലദുന്നിയ്യ, മുഹമ്മദ് ബിൻ അബ്ദുൽബാഖി അസ്സർഖാനി, വാള്യം 1, പേജ് 171, ദിക്റു ഹഫ്രി സംസമതിൽദബീഹൈൻ, ദാറുൽ കുതുബിൽ ഇൽമിയ്യ, ബെയ്റൂത്ത്, ലെബനൻ, ഒന്നാം പതിപ്പ്, 1996)

'അറബ് എ ബാഇദ' ജനതയുടെ നാശത്തിന് ശേഷം, ബനൂ ഖഹ്താൻ അറേബ്യയുടെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിച്ചു. അവരുടെ യഥാർത്ഥ ജന്മദേശം യമൻ ആയിരുന്നു. അവിടെനിന്നാണ് അവർ അറേബ്യയുടെ വിവിധ പ്രദേശങ്ങളിലേക്ക് വ്യാപിക്കുകയും പല ശാഖകളായി വിഭജിക്കപ്പെടുകയും ചെയ്തത്.

അറേബ്യയുടെ വടക്കുഭാഗത്ത്, പേർഷ്യൻ, റോമൻ സാമ്രാജ്യങ്ങളോട് ചേർന്ന് യഥാക്രമം ഹീര, ഗസ്സാൻ എന്നീ പ്രസിദ്ധമായ ഭരണകൂടങ്ങൾ നിലനിന്നിരുന്നു. അവിടുത്തെ ഭരണാധികാരികളും ബനൂ ഖഹ്താൻ ഗോത്രത്തിൽപ്പെട്ടവരായിരുന്നു.

ഇസ്ലാമിന്റെ ആഗമനകാലത്ത് ബനൂ ഖഹ്താൻ അറേബ്യയിൽ വളരെ വിപുലമായി വ്യാപിക്കുകയും ശക്തമായ സ്വാധീനം പുലർത്തുകയും ചെയ്തിരുന്നു. രാജ്യത്തിന്റെ വലിയൊരു ഭാഗത്ത് ഇവർ താമസിച്ചിരുന്നു. മദീനയിലെ ഔസ, ഖസ്റജ എന്നീ ഗോത്രങ്ങളും ബനൂ ഖഹ്താനിൽപ്പെട്ടവയായിരുന്നു.

ചില സന്ദർഭങ്ങളിൽ 'അറബ് എ ആരിബ' എന്ന പദം ബനൂ ഖഹ്താൻ എന്ന ഗോത്രത്തെ മാത്രം സൂചിപ്പിക്കാനും ഉപയോഗിക്കുന്നു. അതിനുള്ള കാരണം, അറേബ്യയിലെ പുരാതനവും യഥാർത്ഥവുമായ നിവാസികളിൽ ഈ ഗോത്രം മാത്രമാണ് തുടർച്ചയായി ഈ രാജ്യത്ത് താമസിച്ചുപോന്നത് എന്നതാകാം.

2. അറബ് മുസ്തഅ്രിബ (Arab-e-Musta'ribah):

അറേബ്യയിലേക്ക് കുടിയേറി അവിടെ താമസമാക്കിയ ജനവിഭാഗത്തെയാണ് അറബ് മുസ്തഅ്രിബ എന്ന് വിളിക്കുന്നത്. ഇവരിൽ പ്രധാനമായും ഇബ്രാഹീം നബി അലൈഹിസ്സലാമിന്റെ പുത്രനായ ഇസ്മാഈൽ നബി അലൈഹിസ്സലാമിന്റെ സന്താനങ്ങളാണ് ഉൾപ്പെട്ടിരുന്നത്. അവർ ഹിജാസിൽ താമസമുറപ്പിച്ചു.

ഇവരെ 'അദ്നാനികൾ' (Adnānī) എന്നും വിളിക്കാറുണ്ട്. കാരണം, ഇസ്മാഈൽ നബി അലൈഹിസ്സലാമിന്റെ സന്താനങ്ങളിൽനിന്ന് ഈ ജനവിഭാഗം വ്യാപിച്ചതിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തി അദ്നാൻ എന്ന പേരുള്ള ഒരാളായിരുന്നു. കാലക്രമേണ ബനൂ അദ്നാൻ നിരവധി ചെറിയ ശാഖകളായി വിഭജിക്കപ്പെടുകയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിക്കുകയും ചെയ്തു.

തിരുനബി ﷺ ജനിച്ച ഖുറൈശ് ഗോത്രവും ബനൂ അദ്നാന്റെ ഒരു ശാഖയായിരുന്നു. പിന്നീട് വ്യക്തമാകുന്നതുപോലെ, ഇസ്ലാമിന്റെ ആഗമനകാലത്ത് അറബ് മുസ്തഅ്രിബ വിഭാഗത്തിലെ ഏറ്റവും ശക്തവും സ്വാധീനശക്തിയുള്ളതുമായ ഗോത്രമായിരുന്നു ഖുറൈശ്.

അറബ് മുസ്തഅ്രിബയെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇസ്മാഈൽ നബി അലൈഹിസ്സലാമിന് നിരവധി തലമുറകൾക്കുശേഷമാണ് അദ്നാൻ ജനിച്ചത്. എന്നാൽ ഇസ്മാഈൽ നബി അലൈഹിസ്സലാമിനും അദ്നാനും ഇടയിലുള്ള വംശാവലി ബന്ധങ്ങളെക്കുറിച്ച് ചരിത്രവിവരണങ്ങളിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ തിരുനബി ﷺ യഥാർഥത്തിൽ ഇസ്മാഈൽ നബി അലൈഹിസ്സലാമിന്റെ സന്താനപരമ്പരയിൽപ്പെട്ടവരാണോ എന്ന കാര്യത്തിൽ ചില അമുസ്ലിം ചരിത്രകാരന്മാർക്ക് എതിർപ്പുകൾ ഉന്നയിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്.

എന്നാൽ ഇസ്മാഈൽ നബി അലൈഹിസ്സലാം അറേബ്യയിലേക്ക് കുടിയേറി അവിടെ താമസമുറപ്പിച്ചു എന്ന കാര്യത്തിൽ അറേബ്യൻ ചരിത്രവിവരണങ്ങൾ ഏകാഭിപ്രായത്തിലാണ്. അതുപോലെ അദ്നാൻ ഇസ്മാഈൽ നബി അലൈഹിസ്സലാമിന്റെ സന്താനപരമ്പരയിൽപ്പെട്ടയാളാണെന്ന കാര്യത്തിലും അറേബ്യൻ ചരിത്രവിവരണങ്ങൾ ഏകാഭിപ്രായം പ്രകടിപ്പിക്കുന്നു.

അതിനാൽ ഈ രണ്ടു വ്യക്തികൾക്കുമിടയിലുള്ള തലമുറകളുടെ ബന്ധത്തെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ടെന്നത് അടിസ്ഥാനപരമായ ഈ വിഷയത്തെ ഒട്ടും ബാധിക്കുന്നില്ല.

പേജ് 11 ൽ നിന്ന്

നോമ്പും രോഗവും

ഹദ്റത്ത് അമ്മാജാൻ സാഹിബ എന്നോട് വിവരിച്ചു:

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന് തലചുറ്റലിന്റെ ബുദ്ധിമുട്ടികൾ ആരംഭിച്ചപ്പോൾ, ആ വർഷം റമദാനിലെ നോമ്പുകൾ അദ്ദേഹം അനുഷ്ഠിച്ചില്ല; പകരം ഫിദ്യ നൽകി. അടുത്ത റമദാൻ വന്നപ്പോൾ അദ്ദേഹം വീണ്ടും നോമ്പ് ആരംഭിച്ചു. എന്നാൽ എട്ടോ ഒമ്പതോ നോമ്പുകൾ അനുഷ്ഠിച്ചപ്പോൾ വീണ്ടും രോഗബാധിതനായി. അതിനാൽ ബാക്കിയുള്ള നോമ്പുകൾ ഉപേക്ഷിക്കുകയും ഫിദ്യ നൽകുകയും ചെയ്തു. അതിനുശേഷം വന്ന റമളാനിൽ പത്തോ പതിനൊന്നോ നോമ്പുകൾ അനുഷ്ഠിച്ചപ്പോൾ വീണ്ടും ആ അവസ്ഥ അവസ്ഥ ഉണ്ടായി. പ്പോഴും നോമ്പുകൾ ഉപേക്ഷിക്കുകയും ഫിദ്യ നൽകുകയും ചെയ്തു. അതിനുശേഷം വന്ന റമളാനിൽ പതിമൂന്നാമത്തെ നോമ്പായിരുന്നു. അന്ന് മഗ്രിബ് സമയത്തോട് അടുത്തപ്പോൾ അദ്ദേഹത്തിന് രോഗാവസ്ഥ ഉണ്ടായി. അതിനാൽ അദ്ദേഹം നോമ്പ് മുറിച്ചു. പിന്നീട് ബാക്കിയുള്ള നോമ്പുകളും അനുഷ്ഠിച്ചില്ല; പകരം ഫിദ്യ നൽകി. അതിനുശേഷം വന്ന എല്ലാ റമദാനുകളിലും അദ്ദേഹം നോമ്പുകൾ അനുഷ്ഠിച്ചു. എന്നാൽ വഫാത്തിന് രണ്ടോ മൂന്നോ വർഷം മുമ്പ്, ദൗർബല്യം കാരണം നോമ്പുകൾ അനുഷ്ഠിക്കാൻ സാധിച്ചില്ല. അപ്പോൾ അദ്ദേഹം ഫിദ്യ നൽകിക്കൊണ്ടിരുന്നു.

വിനീതൻ ചോദിച്ചു: "ആദ്യകാലത്ത് ഈ രോഗബാധിതനായ അവസ സമയത്ത് നോമ്പുകൾ ഉപേക്ഷിച്ചപ്പോൾ, പിന്നീട് അവ ഖളാ വീട്ടിയിരുന്നോ?" മാതാവ് പറഞ്ഞു: "ഇല്ല. ഫിദ്യ മാത്രമാണ് നൽകിയിരുന്നത്."

നിവേദകൻ രേഖപ്പെടുത്തുന്നു: ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന് തുടക്കത്തിൽ തലചുറ്റലും അസ്വസ്ഥതയും ആരംഭിച്ച കാലത്ത് അദ്ദേഹം വളരെ ദുർബലനാവുകയും ആരോഗ്യനില മോശമാവുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം നോമ്പുകൾ ഉപേക്ഷിക്കുമ്പോൾ, അടുത്ത റമദാൻ വരുന്നതിന് മുമ്പ് അവ ഖളാ വീട്ടാനുള്ള ശക്തി അദ്ദേഹത്തിന് ലഭിച്ചിരുന്നില്ലെന്ന് തോന്നുന്നു. എന്നാൽ അടുത്ത റമദാൻ എത്തിയാൽ, ആരാധനയോടുള്ള വലിയ ആഗ്രഹത്താൽ അദ്ദേഹം വീണ്ടും നോമ്പ് ആരംഭിക്കുമായിരുന്നു. പിന്നീട് വീണ്ടും രോഗബാധിതനാകുമ്പോൾ നോമ്പ് ഉപേക്ഷിക്കുകയും, ബാക്കിയുള്ള നോമ്പുകൾക്ക് ഫിദ്യ നൽകുകയും ചെയ്യുമായിരുന്നു. വല്ലാഹു അഅ്ലം.

131 ാമത് ജൽസ സാലാന ഖാദിയാൻ

2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികൾ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

(നാസിർ, ഇസ്ലാഹ് ഇർശാദ്, മർക്കസിയ ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin